2026
ജനുവരി

# സ്നേഹ  ദീപം

സെന്റ് മേരീസ് ഫൊറോന ചർച്ച്, ചാലക്കുടി
പാരിഷ് ബുള്ളറ്റിൻ



# CUCKOOS NEST

MONTESSORI PRE SCHOOL & DAY CARE FOR KIDS

Nirmala College Road, Near DySP Office
Chalakudy, Thrissur-680307









8113948949
9846451144

# CLUB DAFFODILS

*Love and Care @ Home Extended*

A Seenagers Hub - The Shell of Happiness



Contact for Enquiries : 9447061212

## കമ്മിറ്റി

മാനേജിങ്ങ് എഡിറ്റർ
**ഫാ. വർഗ്ഗീസ് പാത്താടൻ**
9447049106

ബുള്ളറ്റിൻ ഇൻ ചാർജ്ജ്
**ഫാ. ക്രിസ്റ്റി ചിറ്റക്കര**
8547349200

അസി. മാനേജിങ്ങ് എഡിറ്റർ
**ഫാ. അഖിൽ തണ്ട്യേക്കൽ**
8281515506

എക്സ് ഒഫിഷ്യാ
**കൈക്കാരൻമാർ**

ചീഫ് എഡിറ്റർ
**ഡോ. സിജു തോട്ടാപ്പിള്ളി**

സബ്ബ് എഡിറ്റേഴ്സ്
**ആനി ഫെയ്ത്ത്**
**ഡോ. ബിബു ജോൺ**
**റോണി തോമസ്**
8870000738

സെക്രട്ടറി
**ജോബി ആളൂക്കാരൻ**
9446735008

ട്രഷറർ
**റിജോയ് മൽപ്പാൻ**

സർക്കുലേഷൻ
**പൗലോസ് ഇടപ്പിള്ളി**
**ജോഫി പുളിക്കൻ**

അഡ്വെർട്ടൈസ്മെന്റ്
**ജെയ്ഫൻ മാനാടൻ**
9495974073

ഓഡിറ്റേഴ്സ്
**അഗസ്റ്റിൻ മുണ്ടന്മാണി**
**ജോയ് പുല്ലുക്കര**




# സ്നേഹദീപം

## പാരിഷ് ബുള്ളറ്റിൻ


**സെന്റ് മേരീസ് ഫൊറോന പള്ളി, ചാലക്കുടി-680307**
**ഫോൺ: 0480 2701614**


## താളുകൾ മറിയുമ്പോൾ


05 ഉറങ്ങാണോ... അതോ...
09 വിശുദ്ധ ചാവറയച്ചൻ
17 വിശുദ്ധ ദേവസഹായം പിള്ള
19 വിശുദ്ധ ജോൺ ബോസ്കോ
23 എളിമയെന്ന് ദൈവീകദാനം
25 ചാലക്കുടിയിൽ ഒരു പള്ളിയുണ്ട്
26 കർത്താവിന് പ്രസാദകരമായവ!
28 സഭാവാർത്തകൾ
29 ചാലക്കുടി മാതാവിൻ പുണ്യാലയം
30 വചനചിന്ത
31 ബാലദീപം
33 വാർത്തകൾ
36 കുടുംബകൂട്ടായ്മകൾ



FEDERAL BANK
YOUR PERFECT BANKING PARTNER
snehadeepam202@fbl
SNEHADEEPAM
This QR can accept payments from all e₹ apps

**സ്നേഹദീപം അക്കൗണ്ടിലേയ്ക്ക് പണമയയ്ക്കാൻ :**

Snehadeepam
Account No. 10050100508202
Federal Bank Chalakudy Branch
IFSC Code : FDRL0001005

Full page colour - 3,000 Full page B & W - 1,400
Half page colour - 1,750 Half page B & W - 750
Thanksgiving - 250



# എഡിറ്റോറിയൽ

## പുതുവർഷാശംസകൾ

മത്തായി 22-36-37 : ഗുരോ നിയമത്തിലെ അതിപ്രധാനമായ കൽപന ഏതാണ്? അവൻ പറഞ്ഞു "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കുക".

ഏറ്റവും വിശ്വസ്തർക്ക് പോലും ഒഴിവാക്കാനാവാത്ത ഒരു മാനുഷിക പോരാട്ടത്തെയാണ് ഒന്നാം കൽപ്പന നമ്മെ പഠിപ്പിക്കുന്നത്. ഈ കൽപ്പന നമ്മുടെ ജീവിതത്തിൽ പണമോ മറ്റ് ലൗകിക കാര്യങ്ങളോ ദൈവതുല്യമായ പദവിയിലേക്ക് ഉയർത്തുന്നതിനെതിരായ ഒരു മുന്നറിയിപ്പാണ്. നമ്മുടെ സോഷ്യൽമീഡിയ, മദ്യം, പുകവലി, ഇന്റർനെറ്റ്, ഷോപ്പിംഗ്, ചായകുടി എന്നിവ പോലും ഉൾപ്പെടുത്താം. ദൈവത്തിന് പുറമെയുള്ള കാര്യങ്ങളിൽ ദൈവത്തെക്കാൾ പ്രാധാന്യം നമ്മൾ നല്കിയാൽ, അതിൽ സമാധാനവും സന്തോഷവും കണ്ടെത്താൻ പ്രലോഭിപ്പിക്കപ്പെടുന്നുണ്ടെങ്കിൽ അത് നമ്മളെ പരാജയപ്പെടുത്തുകയാണ് ചെയ്യുന്നത്.

ക്രിസ്തുമസ് കഴിഞ്ഞ് പുതുവർഷത്തിലേക്ക് കാല് എടുത്തു വയ്ക്കുമ്പോൾ പല പുത്തൻ തീരുമാനങ്ങൾ നമ്മൾ എടുക്കും. അതിൽ ഏറ്റവും മികച്ചതാവേണ്ടത് ദൈവത്തിന് മുഖ്യപ്രാധാന്യം നല്കണം എന്നത് തന്നെയാണ്. എന്ത് കാര്യം ചെയ്യുന്നതിന് മുമ്പും, തീരുമാനങ്ങൾ എടുക്കേണ്ട സമയത്തും നമ്മൾ തല പുകഞ്ഞു ആലോചിക്കേണ്ട സമയത്ത് ദൈവത്തിനോട് ഒന്ന് ചോദിക്കാൻ മനസ്സ് ഉണ്ടാവുകയും സമയം കണ്ടെത്തുകയും ചെയ്യുക.

ദൈവത്തിനെക്കുറിച്ചുള്ള ചിന്തകളും പ്രാർത്ഥനകളും തീക്ഷ്ണമുള്ളതാകുമ്പോൾ ഈ വർഷം മറക്കാൻ പാടില്ലാത്ത ഒരു കാര്യമാണ് തന്നെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കണം എന്നത്. അയൽവക്കത്തുള്ളവരായാലും, മറ്റു നാട്ടുകാരായലും, അന്യമതസ്ഥരായാലും, മറ്റു ചിന്തകരായാലും എല്ലാവരെയും സ്നേഹിക്കാൻ നമ്മൾ ശീലിക്കണം. അന്യമതത്തിലുള്ളവരോട് സംസാരിക്കാൻ പോലും പാടില്ല എന്ന് പറഞ്ഞ് കൊടുക്കുന്ന ചില മാതാപിതാക്കൾ ഇന്ന് നാട്ടിൽ ഉള്ളത് കൊണ്ടാണ് നാട്ടിൽ മുൻപത്തേക്കാളും മതവും ജാതിയുമെല്ലാം ചർച്ചയിൽ തന്നെ വരുന്നത്. ഈ വർഷം നമ്മൾ സുഹൃത്തുക്കളെ തിരഞ്ഞെടുക്കുമ്പോൾ ആ വ്യക്തിയുടെ നല്ല മൂല്യങ്ങളെയും, കാഴ്ചപ്പാടിനെയും, സ്വഭാവത്തെയും, വ്യക്തിത്വത്തെയും മനസ്സിലാക്കാൻ പരിശ്രമിക്കാം. എല്ലാ കല്പ്പനകളെയും സംഗ്രഹിച്ചുള്ള ഈ രണ്ട് കല്പനകളെയും ജീവിതത്തിൽ പ്രാബല്യത്തിൽ വരുത്താൻ ഓരോരുത്തരും പരിശ്രമിച്ചാൽ ഓരോ വ്യക്തികളും വളരുകയും ആ ദേശം വളരുകയും അത് രാജ്യത്തിന്റെ വളർച്ചയ്ക്കും കാരണമാകും. എല്ലാവർക്കും പുതുവർഷാശംസകൾ!

സ്നേഹത്തോടെ,

**ഡോ. സിജു തോട്ടാപ്പിള്ളി**

സ്വന്തം കുരിശുവഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല. (ലൂക്ക 14:27)





# ഇടയശബ്ദം



## 2026 പുതുവർഷം

ഈശോയിൽ പ്രിയമുള്ളവരെ,

ആദ്യമേ തന്നെ പുതുവത്സരത്തിന്റെ ആശംസകൾ നേരുന്നു! പുതുവത്സരം ദൈവത്തിന്റെ ദാനമാണ് - അനുഗ്രഹത്തിന്റെയും, ആശിർവാദത്തിന്റെയും, സമാധാനത്തിന്റെയും വർഷമാണ്. ഒരു വർഷത്തേക്ക് കൂടി ജീവിതം നമുക്ക് നീട്ടി കിട്ടിയിരിക്കുകയാണ്. ഈ അവസരത്തിൽ നമുക്ക് ഒന്ന് പിന്തിരിഞ്ഞു നോക്കാം, നമ്മെ തന്നെ ഒന്ന് പരിശോധിക്കാം. ദൈവത്തിന്റെ മുമ്പിൽ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും നീതിയുക്തമായിരുന്നോ? നമുക്ക് നന്മ ചെയ്യാൻ ലഭിച്ച അവസരങ്ങൾ പൂർണ്ണമായും ഫലപ്രാപ്തിയിൽ പര്യവസാനിച്ചിരുന്നുവോ? നമ്മുടെ ഉത്തരം എന്തുതന്നെയായാലും ആയുസ്സ് നീട്ടി കിട്ടിയിരിക്കുന്ന ഈ പുതുവത്സരത്തിൽ നമുക്ക് കൂടുതൽ ഊർജ്ജസ്വലരായി ദൈവം ആഗ്രഹിക്കുന്ന രീതിയിൽ കാരുണ്യ പ്രവർത്തനങ്ങളും നന്മകളും ചെയ്തുകൊണ്ട് മുന്നേറാം. ഓർക്കുക - 'കാലവും കടൽ തിരയും ആർക്കും വേണ്ടി കാത്തിരിക്കുകയില്ല'. നമുക്ക് ലഭിക്കുന്ന സമയം ഫലപ്രദമായി ഉപയോഗിക്കാം, അങ്ങനെ സദ്പ്രവർത്തനങ്ങൾ വഴി സ്വർഗ്ഗരാജ്യത്തിൽ നമ്മുടെ നിക്ഷേപം കൂട്ടിവയ്ക്കാം.

ചാലക്കുടിയുടെ ദേശീയോത്സവമായ 'അമ്പ് തിരുനാൾ' നമ്മൾ ഫെബ്രുവരി 6,7,8,9 എന്നീ തീയതികളിൽ ആഘോഷിക്കുകയാണല്ലോ. ക്രൈസ്തവ വിശ്വാസം വിളിച്ചോതുന്ന തിരുനാൾ പ്രവർത്ത നങ്ങൾ മനോഹരമാക്കാൻ ഐക്യത്തിന്റെ ആത്മാവ് നമ്മെ നയിക്കട്ടെ. തിരുനാളിലും, തിരുനാളി നോടനുബന്ധിച്ച് നടപ്പിലാക്കുന്ന 'കൂടൊരുക്കാൻ കൂടെയുണ്ട്' എന്ന കാരുണ്യ പ്രവർത്തനങ്ങ ളിലും ഏവരുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങളും പ്രാർത്ഥനയും നിർലോഭമായി ഉണ്ടാകുമല്ലോ.

ഡിസംബർ മാസത്തിലെ പിറവി തിരുകർമ്മങ്ങൾ, പള്ളിക്കകത്ത് പുൽക്കൂട്, ഉണ്ണീശോയുടെ പിറന്നാൾ സ്നേഹവിരുന്ന്, ഉണ്ണീശോയ്ക്ക് സമ്മാനം, ദൈവാലയത്തിന് ചുറ്റും വർണ്ണശബളമായ ക്രിസ്മസ് വില്ലേജ് അലങ്കാരങ്ങളും പുൽക്കൂടും, 27-ാം തീയതിയിലെ ക്രിസ്തുജയന്തി 2025 മഹാജൂബിലി വർഷം ക്രിസ്മസ് മെഗാ കരോൾ, തിരുപ്പട്ടം, വിവിധ മത്സരങ്ങൾ എന്നിവ ഒരുക്കുന്നതിനായും അതിന്റെ വിജയത്തിനായും പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും, പ്രത്യേകിച്ച് - കൊച്ചച്ചന്മാർ, കൈക്കാരന്മാർ, കൺവീനർമാർ, കുടുംബസമ്മേളന കേന്ദ്രസമിതി, വിവിധ സംഘടനകൾ, പത്തു മേഖലകളിലെ കുടുംബാംഗങ്ങൾ എന്നിവർക്കെല്ലാം സ്നേഹപൂർവ്വം നന്ദി പറയുന്നു. പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോ നിങ്ങളെയെല്ലാം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ ഒത്തിരി സ്നേഹത്തോടെ,

**വർഗ്ഗീസ് പാത്താടനച്ചൻ**

കർത്താവാണ് നിന്റെ കാവൽക്കാരൻ. നിനക്ക് തണലേകാൻ അവിടുന്ന് നിന്റെ വലത്തുഭാഗത്തുണ്ട്. (സങ്കീ. 121:5)

# ഇടവക  ഡയറി

## ജനുവരി - 2026

| | | | | |
|---|---|---|---|---|
| 02 | വെള്ളി | | - | മാസാദ്യ വെള്ളി<br>രോഗികൾക്ക് കുമ്പസാരം |
| 04 | ഞായർ | 8:45 am | - | കുടുംബസമ്മേളന കേന്ദ്രസമിതി ജനറൽ ബോഡി മീറ്റിംഗ് |
| 06 | ചൊവ്വ | | - | ദനഹാ തിരുനാൾ (കടമുള്ള ദിവസം)<br>മാമ്മോദീസ വ്രതനവീകരണം |
| 10 | ശനി | 7:15 am | - | വി. കുർബാന - ജനുവരി മാസം വിവാഹ വാർഷികം ആഘോഷിക്കുന്ന ദമ്പതികളുടെ കൃതജ്ഞതാ ബലി, വിവാഹ പ്രതിജ്ഞ നവീകരണം |
| 11 | ഞായർ | 8:45 am | - | പ്രതിനിധിയോഗം |
| | | 4:30 - 9:00 pm | - | **വചനാഭിഷേക സായാഹ്നം**<br>കുമ്പസാരം, വി. കുർബാന, ധ്യാനം, ആരാധന |
| 18 | ഞായർ | | | |
| 25 | ഞായർ | | | |
| 26 | തിങ്കൾ | 5:00 pm | - | അമ്പ് തിരുനാൾ നവനാൾ ആരംഭം<br>വി. കുർബാന, നൊവേന, ലദീഞ്ഞ് |
| 27 | ചൊവ്വ | 5:00 pm | - | അമ്പ് തിരുനാൾ രണ്ടാം നവനാൾ<br>വി. കുർബാന, നൊവേന, ലദീഞ്ഞ് |
| 28 | ബുധൻ | 5:00 pm | - | അമ്പ് തിരുനാൾ മൂന്നാം നവനാൾ<br>വി. കുർബാന, നൊവേന, ലദീഞ്ഞ് |
| 29 | വ്യാഴം | 5:00 pm | - | അമ്പ് തിരുനാൾ നാലാം നവനാൾ<br>വി. കുർബാന, നൊവേന, ലദീഞ്ഞ് |
| 30 | വെള്ളി | 5:00 pm | - | അമ്പ് തിരുനാൾ അഞ്ചാം നവനാൾ<br>വി. കുർബാന, നൊവേന, ലദീഞ്ഞ് |
| 31 | ശനി | 5:00 pm | - | അമ്പ് തിരുനാൾ ആറാം നവനാൾ<br>വി. കുർബാന, നൊവേന, ലദീഞ്ഞ് |

**ഫെബ്രുവരി**

| | | | | |
|---|---|---|---|---|
| 01 | ഞായർ | 8:45 am | - | കുടുംബസമ്മേളന കേന്ദ്രസമിതി ജനറൽ ബോഡി മീറ്റിംഗ് |
| | | 5:00 pm | - | അമ്പ് തിരുനാൾ ഏഴാം നവനാൾ<br>വി. കുർബാന, നൊവേന, ലദീഞ്ഞ് |

**വികാരി**

ദൈവവചനം ആദരിക്കുന്നവൻ ഉൽക്കർഷം നേടും. കർത്താവിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ. (സുഭ 16:20)



ദൈവകൃപയുടെ
40 വർഷങ്ങൾ...
40
Years
Jubilee
പൗരോഹിത്യത്തിന്റെ 40–ാം വാർഷികം ആഘോഷിക്കുന്ന
വർഗ്ഗീസ് പാത്താടനച്ചന്
(31.12.1985 – 31.12.2025)
ചാലക്കുടി ഇടവക സമൂഹത്തിന്റെ
പ്രാർത്ഥനാശംസകൾ...
RUBY JUBILEE


DAWN
EYE HOSPITAL
‘വെളിച്ചമുണ്ടാകട്ടെ!‘
(ഉൽപത്തി 1:3)
കണ്ണിനെ കൺമണി പോലെ കാക്കാൻ,
ഇനി നിങ്ങൾക്കൊപ്പം ഞങ്ങളും!
Dr. Preetha's
Dawn Eye Hospital
PAM Road,
Near St. Mary's Forane Church
Chalakudy - 680 307
Ph : 0480 270 0020
Working Hours : 9.00 am to 7.00 pm
Sunday Holiday





# ഉറങ്ങാണോ... അതോ...

ബ്രദർ ഹാരിസ് OFM Cap.

‘എല്ലാം മറന്നു ഉറങ്ങിയ യാമങ്ങൾ എല്ലാം എന്നേ അകന്നു പോയി... ഇനി ഞാൻ ഉണർന്നിരിക്കാം നീ ഉറങ്ങുക’

ഒ എൻ വി കുറുപ്പ്

കൊടുങ്കാറ്റ് അടിച്ചിട്ടും ഉറങ്ങുന്ന കർത്താവിനെ കാണിക്കുന്ന സുവിശേഷ ഭാഗം പലപ്പോഴും ഒരു ചോദ്യചിഹ്നം ആയിട്ട് എന്റെ ഉള്ളിൽ തങ്ങിയിരുന്നു. എങ്ങനെയാണ് വഞ്ചിയിലേക്ക് വെള്ളം ഇരച്ച് എത്തിയിട്ടും ഒരാൾക്ക് സുഖമായിട്ട് കിടന്നു ഉറങ്ങാൻ കഴിയുക? അതോ ഉറങ്ങുന്നതായിട്ട് അഭിനയിക്കുന്നതോ...

റീജൻസി കാലഘട്ടത്തിൽ ആണ് എനിക്ക് അതിനുള്ള ഉത്തരം കിട്ടിയത്. വലിയ തുറയിലെ മത്സ്യത്തൊഴിലാളികളോടൊപ്പം ഉള്ള ഒരു മാസത്തെ എക്സ്പോഷ്യർ സമയം ആയിരുന്നത്. ഒരു ദിവസം ഞങ്ങൾ ബ്രദേഴ്സ് മത്സ്യത്തൊഴിലാളികളോടൊപ്പം കടലിലേക്ക് വള്ളം ഇറക്കിയതും വികാരിയച്ചന്റെ ഫോൺകോൾ വന്നു.

‘ആരോട് ചോദിച്ചിട്ടാണ് ഇന്ന് കടലിൽ പോയത്‘.... പിന്നീടാണ് വിശേഷമെല്ലാം അറിയുന്നത്, അന്ന് കടലിൽ ശക്തമായ കാറ്റിനും മഴയ്ക്ക് സാധ്യത ഉണ്ടെന്നുള്ള ന്യൂസ് വന്നിരുന്നു. അതെല്ലാം അവഗണിച്ചാണ് മത്സ്യതൊഴിലാളികൾ കടലിലേക്ക് പോയത്. ഞങ്ങളപ്പോൾ മാത്രമാണ് ചുറ്റുമുള്ള കടലിനെ ശ്രദ്ധിക്കുന്നത്, ആയിരം വെള്ളപ്പൊക്കത്തിന്റെ ഇരമ്പൽ തീപ്പെട്ടിക്കൊള്ളി പോലത്തെ ഞങ്ങളുടെ വഞ്ചിയെ ഉലക്കാൻ തുടങ്ങിയിരുന്നു. വല വലിക്കാൻ പോയിട്ട് ഒന്ന് നേരെ നിൽക്കാൻ പോലും പറ്റാത്ത അവസ്ഥ, അത്രമാത്രം വഞ്ചി തിരയിൽ പെട്ട് ഉലയുകയായിരുന്നു, അക്ഷരാർത്ഥത്തിൽ ഒരു ചെറിയ കൊടുങ്കാറ്റിൽ പെട്ട അവസ്ഥ. ചേട്ടായിമാര് ഞങ്ങളോട് പറഞ്ഞു ‘ഇന്ന് എന്തായാലും വല വലിക്കാൻ പറ്റില്ല, നിങ്ങൾ കിടന്നോ മക്കളെ’.

എനിക്ക് അത് കേട്ടപ്പോൾ വല്ലാത്ത ആശ്ചര്യം തോന്നി, എങ്ങനെ കിടന്ന് ഉറങ്ങാനാ...

കർത്താവിനോട് ചേർന്നിരിക്കുന്നിടത്തോളം കാലം അവിടന്നു നിങ്ങളോടുകൂടെയുണ്ടായിരിക്കും. (2 ദിനവൃ 15:2)



# അനുദിന സുവിശേഷം

## 2026 ജനുവരി



| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | **01**<br>വി.മത്താ 6:25-34<br>എഫേ 4:17-24 | **02**<br>ലൂക്കാ 1:39-45<br>ഹെബ്രാ 1:1-4 | **03**<br>മത്താ 5:1-12<br>1 പത്രോ 4:12-19 |
| **04**<br>1 സാമു 3:1-10<br>ലൂക്ക 2:22-24<br>റോമ 11:33,12:2 | **05**<br>യോഹ 5:19-23<br>1 യോഹ 5:1-5 | **06**<br>മർക്കോ 1:1-11<br>2 തിമോ 1:6-10 | **07**<br>ലൂക്ക 4:23-30<br>2 തിമോ 1:6-10 | **08**<br>യോഹ 3:22-30<br>ഫിലി 1:12-18 | **09**<br>മത്താ 14:1-12<br>ശ്ലീഹ 12:1-11 | **10**<br>ലൂക്ക 7:18-23<br>വെളി 4:1-8 |
| **11**<br>പുറ 3:9-16<br>യോഹ 8:21-30<br>വെളി 1:4-8 | **12**<br>യോഹ 3:31-36<br>എഫേ 1:15-23 | **13**<br>മർക്കോ 1:21-28<br>1 യോഹ 3:1-10 | **14**<br>യോഹ 10:31-39<br>റോമ 9:30-33 | **15**<br>യോഹ 2:13-15<br>1 കോറി 6:12-20 | **16**<br>യോഹ 21:15-19<br>ഗലാ 1:11-24 | **17**<br>മത്താ 11:25-30<br>ഫിലി 2:5-11 |
| **18**<br>നിയ 31:1-8<br>യോഹ 17:6-11<br>ഫിലി 3:4-16 | **19**<br>മർക്കോ 6:7-13<br>1 കോറി 2:1-7 | **20**<br>മത്താ 10:24-33<br>2 തിമോ 2:1-5 | **21**<br>യോഹ 9:1-11<br>1 യോഹ 2:7-11 | **22**<br>യോഹ 5:39-47<br>ശ്ലീഹ 3:19-26 | **23**<br>ലൂക്ക 8:4-15<br>വെളി 4:1-11 | **24**<br>യോഹ 15:9-17<br>എഫേ 3:8-13 |
| **25**<br>പുറ 3:1-14<br>മത്താ 20:1-16<br>1 കോറി 15:1-10 | **26**<br>മത്താ 16:24-27<br>1 തിമോ 6:11-16 | **27**<br>യോഹ 1:29-34<br>യാക്കോ 5:13-20 | **28**<br>മത്താ 5:13-16<br>1 കോറി 1:18-25 | **29**<br>ലൂക്ക 15:1-10<br>3 യോഹ 1:1-8 | **30**<br>യോഹ 14:27-31<br>എഫേ 2:14-22 | **31**<br>മത്താ 18:1-5<br>ഫിലി 4:4-9 |






ഞാൻ അവിടുത്തെ കരുണയിൽ ആശ്രയിക്കുന്നു. എന്റെ ഹൃദയം അങ്ങയുടെ രക്ഷയിൽ ആനന്ദംകൊള്ളും. (സങ്കീ. 13:5)

അതും ഈ തിരമാലകൾക്കുള്ളിൽ. എങ്കിലും ഞാൻ ഉറങ്ങാനായി കിടന്നു. എപ്പോഴോ ഉറക്കം കിട്ടി. പിറ്റേദിവസം ഞാൻ എണീറ്റത് വലിയതുറ പള്ളിയിലെ മണിയടി ശബ്ദം കേട്ടാണ്. തീരം അടുത്തെത്തിയിരുന്നു. ഞങ്ങൾ ബ്രദേഴ്സ് എല്ലാവർക്കും നല്ല ഉറക്കം കിട്ടി. മുഖമെല്ലാം കടലിലെ ഉപ്പുവെള്ളം വീണ് നനഞ്ഞിരുന്നു, ശരീരം മൊത്തം ഉപ്പ് ആയിരുന്നു, വഞ്ചിയിൽ ആകെ ഉപ്പുവെള്ളം. വള്ളം തീരത്തേക്ക് വലിച്ചു കേറ്റി തിരിച്ചു വീട്ടിലേക്ക് നടക്കുമ്പോൾ, ബ്രദേഴ്സിൽ ഒരാൾ പറഞ്ഞു:

'അപ്പോൾ ശരിക്കും കർത്താവ് അന്ന് കിടന്ന് ഉറങ്ങിയിട്ടുണ്ടാവണം അല്ലേ...'

എനിക്കും പിന്നീട് മനസ്സിലായി കടലിലെ തിരമാലകൾക്ക് ഒരു താരാട്ടിന്റെ ഗന്ധം ഉണ്ട്, ആരായാലും ഉറങ്ങും. 2000 വർഷങ്ങൾക്കു മുമ്പ് നസ്രത്തിലെ യേശുവും ചിലപ്പോൾ ഉറങ്ങിയിട്ടുണ്ടാകണം. അതോ ശിഷ്യന്മാരുടെ വിശ്വാസം പരീക്ഷിക്കാൻ വേണ്ടി കണ്ണടച്ച് കർത്താവ് കിടന്നതാണോ? എന്തുമായിക്കൊള്ളട്ടെ എന്റെ ജീവിതമാകുന്ന ഈ വഞ്ചിയിൽ അവനുണ്ട് എന്നുള്ള ഒരു ബോധ്യം തന്നെ നമുക്ക് ധാരാളം ആണ്. വിളിച്ച് ഉണർത്തപ്പെടുന്നതിന്റെ സുഖം നുകരാനായി അവൻ കണ്ണടച്ചു കിടക്കുന്നുണ്ട്. എനിക്ക് തോന്നുന്നു കർത്താവിനെ അവർ വിളിച്ചുണർത്തിയത് തിരയിൽ വള്ളം മറിയാനുള്ള സാധ്യത കാരണമാണ്, ചിലപ്പോൾ വഞ്ചി ദേഹത്തേക്ക് വീഴും. അതിനാൽ പുതുവർഷത്തിന്റെ വക്കിൽ നിൽക്കുന്ന നമ്മൾ, തിരമാലകൾ കയറിവരുന്ന വഞ്ചിയിൽ ഇരുന്ന് ഭയപ്പെടേണ്ടതില്ല. കർത്താവ് ഉറങ്ങുകയാണെങ്കിൽ പോലും അവൻ നമ്മെ വിട്ട് എവിടെയും പോയിട്ടില്ല എന്ന ഉറപ്പ് മതി. ചിലപ്പോൾ നമ്മുടെ വിശ്വാസം വളരാൻ, നമ്മുടെ വിളിയുടെ സത്യസന്ധത പരിശോധിക്കാൻ, അവൻ കണ്ണടച്ച് കിടക്കുന്നതാകാം. എന്നാൽ ഒരു വിളി മതി ഭയത്താലായാലും, സ്നേഹത്താലായാലും, ദേഷ്യത്തോടെയായാലും. കാരണം അവൻ ഉണരുമ്പോൾ തിരമാലകൾ ശാന്തമാകും, വഞ്ചി മറിഞ്ഞില്ല എന്നതിലുപരി, നമ്മുടെ ഉള്ളിലെ കൊടുങ്കാറ്റുകളാണ് ആദ്യം അടങ്ങുക.

ഈ ജീവിതയാത്രയിൽ വഞ്ചി ഉലയുമ്പോഴും അമരത്ത് അവനുണ്ട് എന്ന ബോധ്യത്തോടെ മുന്നോട്ട് പോകാം. അതാണ് വിശ്വാസം. അതാണ് ആശ്വാസം. അതാണ് പുതുവർഷത്തിനുള്ള ഏറ്റവും വലിയ പ്രാർത്ഥന.

■




## പ്രീ-കാനാ കല്യാണം ഒരുക്കം PACS

ജനുവരി 5, 6, 7 - തിങ്കൾ, ചൊവ്വ, ബുധൻ
26, 27, 28 - തിങ്കൾ, ചൊവ്വ, ബുധൻ

ഫോൺ : 0480 - 2880878, 8281298782, 9400608804

**പ്രീകാനാ കോഴ്സിന് രജിസ്ട്രേഷൻ ഫീസ് 1700**
(Including stay), otherwise **1500 രൂപയായിരിക്കും.**

www.Marianpilgrimcentre.com
YouTube St Mary's Forane Church Chalakudy
St Mary's Forane Church Cky
St Marys Forane Church, Marianpilgrimcentre,Chalakudy


ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം (മത്താ.16:26)

# SEBY'S KITCHEN

Near Panambilly College, Potta.

Booking Mob. 9447026287, 9745600688



സ്നേഹിതരേ,

നിങ്ങൾക്ക് ആവശ്യമായ ഭക്ഷണ വിഭവങ്ങൾ എത്ര ചെറുതും വലുതുമായ ഓർഡറുകൾ നിങ്ങളുടെ ആവശ്യത്തിന്റെ തലേദിനം കാലത്ത് 9 മണിക്ക് മുൻപായി ഓർഡർ തന്നാൽ ഉത്തരവാദിത്വത്തോടെ ചെയ്തു തരുന്നു.

പെട്ടെന്ന് നിങ്ങളുടെ വീട്ടിൽ വരുന്ന വിരുന്നുകാർ, തിരുനാൾ, ജന്മദിനം, വിവാഹം മറ്റ് ആവശ്യങ്ങൾ നോൺ വെജിറ്റേറിയൻ, വെജിറ്റേറിയൻ, മറ്റ് ഏതുതരം ഭക്ഷണ വിഭവങ്ങളും നിങ്ങൾക്കായി ഒരുക്കി തരുന്നു.

തിരുനാളിനോട് അനുബന്ധിച്ച് ഫെബ്രുവരി 07 ന് (ശനി) വൈകീട്ട് 5 PM to 7 PM.
Menu: 5 പേർക്ക് Rs. 3000/- (With Premium packing)
അപ്പം 15 എണ്ണം, ബീഫ് ചാപ്സ് 5 പേർക്ക്, ചിക്കൻ ഫ്രൈ 15 പീസ്, പോർക്ക് ഫ്രൈ 500 ഗ്രാം, ബീഫ് കട്‌ലെറ്റ് 5 എണ്ണം, ചോറ് ......., മീൻ വറ്റിച്ചത് 10 പീസ്, മാങ്ങാക്കറി 1 ലീറ്റർ, അവിയൽ 400 ഗ്രാം, കാളൻ 300 ഗ്രാം, അച്ചാർ 150 ഗ്രാം.
**Special** താറാവ് റോസ്റ്റ് 10 പീസ് Rs. 500/- extra.

ഫെബ്രുവരി 08 ഞായർ രാവിലെ 10 AM to 12.30 PM
5 പേർക്ക് Rs.1350/- (With Premium packing)
Menu: ബിരിയാണി ..........., കേരള ചിക്കൻ ഫ്രൈ 15 പീസ്, ബീഫ് ഫ്രൈ 500 ഗ്രാം, സർളാസ് 300 ഗ്രാം, അച്ചാർ 150 ഗ്രാം, പൈനാപ്പിൾ 5 പീസ്.

ഫെബ്രുവരി 09 തിങ്കൾ വൈകീട്ട് 5 PM to 7 PM ഭക്ഷണവിഭവങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

എട്ടാമിടത്തോടനുബന്ധിച്ച് ഭക്ഷണവിഭവങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

തിരുനാളിന്റെ ഓർഡർ ബുക്കിംഗ് ലാസ്റ്റ് ഡേറ്റ് ഫെബ്രുവരി 05 വ്യാഴം 6 PM.

30 എണ്ണത്തിൽ താഴെയുള്ള ഭക്ഷണ വിഭവങ്ങൾ കിച്ചണിൽ നിന്നും കൊണ്ടുപോകേണ്ടതാകുന്നു. കിച്ചണിലേക്കുള്ള വഴിയുടെ റൂട്ട് മാപ്പ് നിങ്ങൾക്ക് തരുന്നതായിരിക്കും.

സ്നേഹപൂർവ്വം
പ്രൊപ്രൈറ്റർ


ജീവിതകാലം മുഴുവൻ നിന്റെ പ്രവർത്തികൾ നീതിനിഷ്ഠമായിരിക്കട്ടെ (തോബി 4:5)

# അമ്പുതിരുനാൾ കമ്മിറ്റി
## 2026


**വർഗ്ഗീസ് പാത്താടനച്ചൻ**
വികാരി


**ഫാ. ക്രിസ്റ്റി ചിറ്റക്കര**
അസി. വികാരി


**ഫാ. അഖിൽ താണ്ട്യേക്കൽ**
അസി. വികാരി


**പോളി മേച്ചേരി**
ട്രസ്റ്റി


**റിജു സെബാസ്റ്റ്യൻ പുതുശ്ശേരി**
ട്രസ്റ്റി


**മനോജ് ചാതേലി**
ട്രസ്റ്റി


**സുനിൽ ഡേവിഡ് ചക്കാലക്കൽ**
ട്രസ്റ്റി


**ജോഷി പുത്തിരിക്കൽ**
ജനറൽ കൺവീനർ


**വർഗ്ഗീസ് കാട്ടുപറമ്പിൽ**
ജോ. കൺവീനർ


**ഷൈജി ഷിബു**
ജോ. കൺവീനർ


**സോജ് ചേലക്കാട്ട്പറമ്പിൽ**
ഫിനാൻസ്


**ബാബു പറൂക്കാരൻ**
പബ്ലിസിറ്റി


**ജോജോ കൊള്ളന്നൂർ**
വർണ്ണമഴ


**ജോസി കോട്ടേക്കാരൻ**
ലൈറ്റ് & സൗണ്ട്


**മിഥുൻ മാത്യൂസ്**
പന്തൽ


**ജോമോൻ കണ്ണപടത്തി**
പ്രദക്ഷിണം


**ആന്റു മഞ്ഞപ്രക്കാരൻ**
വളന്റിയർ


**വിജു ടി.ടി.**
റിസപ്ഷൻ


**അലൻ ജോജോ**
ലിറ്റർജി


**തോമാസ് പറനിലം**
സെക്രട്ടറി


**സാജൻ പടിക്കല**
കോ-ഓർഡിനേറ്റർ

# സ്നേഹസ്മരണയ്ക്ക്

## 1–ാം ചരമവാർഷികം



## എളംകുന്നപുഴ ജെയിംസ് ഭാര്യ

# ആലീസ്

വെട്ടുകടവ് റോഡ്, ചാലക്കുടി

ജനനം : 23–01–1953 മരണം : 31–01–2025

ഭർത്താവ്, മക്കൾ, മരുമക്കൾ, പേരക്കിടാങ്ങൾ...

യൂണിറ്റ് – 16



# വിശുദ്ധ ചാവറയച്ചൻ

**തിരുനാൾ : ജനുവരി - 3**

ചാവറ കുടുംബത്തിലെ ഇക്കോയുടേയും (കുര്യാക്കോസ്), മറിയം തോപ്പിലിന്റെയും മകനായിട്ട് 1805 ഫെബ്രുവരി 10ന് ആലപ്പുഴക്കടുത്തുള്ള കൈനകരിയിൽ ആണ് ചാവറയച്ചൻ ജനിച്ചത്. പ്രാദേശിക വിവരമനുസരിച്ച്, ജനിച്ചിട്ട് 8-മത്തെ ദിവസം ആലപ്പുഴ ഇടവക പള്ളിയായ ചേന്നങ്കരി പള്ളിയിൽ വച്ച് ഈ ബാലനെ മാമോദീസാ മുക്കി. 5 വയസ്സ് മുതൽ 10 വയസ്സ് വരെ കുര്യാക്കോസ് ഗ്രാമത്തിലെ വിദ്യാലയത്തിൽ ചേർന്ന് ഒരു ആശാന്റെ കീഴിൽ വിവിധ ഭാഷകളും, ഉച്ചാരണ ശൈലികളും, പ്രാഥമിക ശാസ്ത്രവും പഠിച്ചു. ഒരു പുരോഹിതനാകണമെന്ന ആഗ്രഹത്തിൽ നിന്നുണ്ടായ പ്രചോദനത്താൽ വിശുദ്ധൻ, സെന്റ് ജോസഫ് പള്ളിയിലെ വികാരിയുടെ കീഴിൽ പഠനം ആരംഭിച്ചു.

1818-ൽ കുര്യാക്കോസിനു 13 വയസ്സ് പ്രായമുള്ളപ്പോൾ അദ്ദേഹം മൽപ്പാൻ തോമസ് പാലക്കൽ റെക്ടറായിരുന്ന പള്ളിപ്പുറം സെമിനാരിയിൽ ചേർന്നു. 1829 നവംബർ 29ന് അർത്തുങ്കൽ പള്ളിയിൽ വച്ച് പൗരോഹിത്യ പട്ടം സ്വീകരിക്കുകയും, ചേന്നങ്കരി പള്ളിയിൽ വെച്ച് ആദ്യമായി വി.കുർബ്ബാന അർപ്പിക്കുകയും ചെയ്തു. പൗരോഹിത്യപട്ട സ്വീകരണത്തിനുശേഷം അദ്ദേഹം കുറച്ചുകാലം സുവിശേഷ വേലകളുമായി കഴിഞ്ഞുകൂടി; എന്നിരുന്നാലും, പഠിപ്പിക്കുവാനും, മൽപ്പാൻ തോമസ് പാലക്കലിന്റെ അസാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ ജോലികൾ ചെയ്യുവാനുമായി അദ്ദേഹം സെമിനാരിയിൽ തിരിച്ചെത്തി. അങ്ങിനെ മൽപ്പാന്മാരായ തോമസ് പോരൂക്കരയുടെയും, തോമസ് പാലക്കലിന്റെയും നേതൃത്വത്തിൽ തദ്ദേശീയമായ ഒരു സന്യാസ സഭ സ്ഥാപിക്കുവാനുള്ള ശ്രമത്തിൽ ചാവറയച്ചനും പങ്കാളിയായി.

ഈ സന്യാസ സഭയുടെ ആദ്യത്തെ ആത്മീയ ഭവനത്തിന്റെ നിർമ്മാണ മേൽനോട്ടം വഹിക്കുന്നതിനായി 1830-ൽ അദ്ദേഹം മാന്നാനത്തേക്ക് പോയി. 1831 മെയ് 11ന് ഇതിന്റെ തറകല്ലിടൽ കർമ്മം നടത്തുകയും ചെയ്തു. തന്റെ ഗുരുക്ക

കർത്താവിനെ അന്വേഷിക്കുവിൻ; നീതിയും വിനയവും അന്വേഷിക്കുവിൻ (സെഫ 2:3)

ന്മാരായ രണ്ടു മൽപ്പാന്മാരുടേയും മരണത്തോടെ ചാവറയച്ചൻ നായകത്വം ഏറ്റെടുത്തു. 1855 ൽ തന്റെ പത്ത് സഹചാരികളുമൊത്ത് 'കുര്യാക്കോസ് ഏലിയാസ് ഹോളി ഫാമിലി' എന്ന പേരിൽ ഒരു വൈദീകസമൂഹത്തിന് രൂപം കൊടുത്തു. 1856 മുതൽ 1871-ൽ ചാവറയച്ചൻ മരിക്കുന്നത് വരെ ഈ സഭയുടെ എല്ലാ ആശ്രമങ്ങളുടേയും പ്രിയോർ ജെനറാൾ ഇദ്ദേഹം തന്നെ ആയിരുന്നു.

1861-ൽ മാർപാപ്പയുടെ ആധികാരികതയും, അംഗീകാരവും ഇല്ലാതെയുള്ള മാർ തോമസ് റോക്കോസിന്റെ വരവോടുകൂടി കേരള സഭയിൽ ഒരു മതപരമായ ഒരു ഭിന്നത ഉടലെടുത്തു. തുടർന്നു വരാപ്പുഴ മെത്രാപ്പോലീത്ത വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയെ സീറോമലബാർ സഭയുടെ വികാരി ജെനറാൾ ആയി നിയമിച്ചു. കേരള സഭയെ തോമസ് റോക്കോസ് ശീശ്മയിൽ നിന്നും രക്ഷിക്കുവാനായി ചാവറയച്ചൻ നടത്തിയ ഐതിഹാസികമായ പോരാട്ടങ്ങളെ പ്രതി പിൽക്കാല സഭാനേതാക്കളും, കത്തോലിക്കാസമൂഹം പൊതുവെയും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു.

കത്തോലിക്കാ സഭയിലെ സി.എം.ഐ. (Carmelites of Mary Immaculate) എന്ന സന്യാസ സഭയുടെ സ്ഥാപക പിതാക്കന്മാരിൽ ഒരാളും, ആദ്യത്തെ സുപ്പീരിയർ ജനറലുമായിരുന്ന വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ 1871 ജനുവരി 3ന് ആണ് മരിച്ചത്. വിശുദ്ധനായ സന്യാസിയുടെ എല്ലാ പരിമളവും അവശേഷിപ്പിച്ചിട്ടാണ് വിശുദ്ധൻ പോയത്. 1986 ഫെബ്രുവരി 8 ന് വി. ജോൺ പോൾ രണ്ടാമൻ മാർ പാപ്പാ വിശുദ്ധനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

വിശുദ്ധന്റെ ഭൗതീകാവശിഷ്ടങ്ങൾ അദ്ദേഹം മരിച്ച സ്ഥലമായ കൂനമ്മാവിൽ നിന്നും മാന്നാനത്തേക്ക് കൊണ്ടു വരികയും വളരെ ഭക്തിപൂർവ്വം അവിടത്തെ സെന്റ്. ജോസഫ് ആശ്രമത്തിൽ സൂക്ഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ദൈവീകതയും തന്റെ മാധ്യസ്ഥം അപേക്ഷിക്കുവർക്ക് അനുഗ്രഹങ്ങൾ ചൊരിയുന്നതിനാലും മാന്നാനം ഒരു തീർത്ഥാടക കേന്ദ്രമായി മാറി. എല്ലാ ശനിയാഴ്ചകളിലും ആയിരകണക്കിന് ജനങ്ങൾ വിശുദ്ധന്റെ കബറിടത്തിൽ വരികയും വിശുദ്ധ കുർബ്ബാനയിലും നൊവേനയിലും പങ്കെടുക്കുകയും ചെയ്യുന്നു. ആണ്ടുതോറും ഡിസംബർ 26 തൊട്ടു ജനുവരി 3വരെ വിശുദ്ധ ചാവറ പിതാവിന്റെ തിരുനാൾ വളരെ ഭക്തിപൂർവ്വം ആഘോഷിച്ചു വരുന്നു.

സി.എം.ഐ സഭയുടെ സ്ഥാപക പിതാക്കന്മാരും തേജോമയന്മാരായ പോരൂക്കര തോമസ് മൽപ്പാൻ, പാലക്കൽ തോമാ മൽപ്പാൻ, വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ, ബ്രദർ ജേക്കബ് കണിയന്തറ തുടങ്ങിയ പ്രതിഭാശാലികളോട് കേരള സമൂഹം കടപ്പെട്ടിരിക്കുന്നു. തന്റെ ഗുരുക്കന്മാരും മൽപ്പാന്മാരുമായിരുന്ന പോരൂക്കര തോമസ്, പാലക്കൽ തോമാ എന്നിവരെപ്പോലെ ചാവറയച്ചനും ഒരു വലിയ ദാർശനികനായിരുന്നു.

പുരുഷന്മാർക്കായുള്ള ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭ (CMI), ആദ്യത്തെ സംസ്കൃത സ്കൂൾ, കേരളത്തിലെ ആദ്യത്തെ കത്തോലിക്കാ മുദ്രണശാല (മര പ്രസ്സ്), സ്ത്രീകൾക്കായുള്ള ആദ്യത്തെ സന്യാസിനീ സഭ (CMC) തുടങ്ങിയവയും, ആദ്യമായി കിഴക്കൻ സിറിയൻ പ്രാർത്ഥനാ ക്രമത്തെ വേണ്ട മാറ്റങ്ങൾ വരുത്തി പ്രസിദ്ധീകരിച്ചതും അദ്ദേഹമാണ്. കൂടാതെ 1862-ൽ മലബാർ സഭയിൽ ആദ്യമായി ആരാധനക്രമ പഞ്ചാംഗം തയാറാക്കിയതും ചാവറയച്ചനാണ്. ഈ അടുത്ത കാലംവരെ ആ പഞ്ചാംഗം ഉപയോഗത്തിൽ ഉണ്ടായിരുന്നു. കേരളത്തിൽ സുറിയാനി ഭാഷയിലുള്ള അച്ചടി സാധ്യമാക്കിയത് അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ മൂലമാണ്. മാന്നാനത്ത് മലയാളത്തിലുള്ള ആദ്യത്തെ പ്രാർത്ഥനാ പുസ്തകം അച്ചടിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.

മാന്നാനത്തെ ആദ്യത്തെ ആത്മീയ ഭവനം കൂടാതെ, കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി അനേകം ആശ്രമങ്ങളും സ്ഥാപിക്കുകയും, പുരോഹിതരെ പഠിപ്പിക്കുന്നതിനും രൂപപ്പെടു

അനീതിയായ കോപത്തിന് ന്യായീകരണമില്ല. (പ്രഭാ. 1:22)

ത്തുന്നതിനുമായി സെമിനാരികളും, പുരോഹിതർക്കും, ജനങ്ങൾക്കും ആണ്ടുതോറുമുള്ള ധ്യാനങ്ങൾ, 40 മണിക്കൂർ ആരാധന, രോഗികൾക്കും അഗതികൾക്കുമായുള്ള ഭവനം, ക്രിസ്ത്യാനികളാകുവാൻ തയാറെടുക്കുന്നവർക്ക് പ്രത്യേക ശ്രദ്ധ, പൊതുവിദ്യാഭ്യാസത്തിനായി സ്കൂളുകൾ തുടങ്ങിയവ, കുര്യാക്കോസ് ഏലിയാസ് ചാവറയുടെ നേതൃത്വത്തിൽ നടന്ന നിരവധി പ്രവർത്തനങ്ങളിൽ ചിലത് മാത്രം.

ഇതിനു പുറമേ, 1866–ൽ വൈദികനായ ലിയോപോൾഡ് ബെക്കാറോ OCD യുടെ സഹകരണത്തോടു കൂടി അദ്ദേഹം സ്ത്രീകൾക്കായി ‘മദർ ഓഫ് കാർമ്മൽ’ (CMC) എന്ന പേരിൽ ഒരു സന്യാസിനീ സമൂഹത്തിന് രൂപം നൽകി. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിനു വഴിതെളിയിച്ചവരിൽ ഒരാളാണ് വി. ചാവറയച്ചൻ. കത്തോലിക്കാസഭയുടെ ‘ഓരോ പള്ളിയോടു ചേർന്ന് പള്ളിക്കൂടം’ എന്ന ആശയം നടപ്പിൽ വരുത്തുന്നതിൽ ഈ വിശുദ്ധൻ മുഖ്യ പങ്കു വഹിച്ചു. അതുകൊണ്ടാണ് കേരളത്തിലെ സ്കൂളുകൾ ‘പള്ളിക്കൂടം’ (പള്ളിയോടനുബന്ധിച്ച് വിദ്യാഭ്യാസത്തിനുള്ള സ്ഥലം) എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്.

തന്റെ വിശ്രമമില്ലാത്ത പ്രവർത്തനങ്ങൾക്കിടക്കും പദ്യങ്ങളും, ഗദ്യങ്ങളുമായി ചില ഗ്രന്ഥങ്ങൾ വിശ്വാസികൾക്കായി രചിക്കുവാൻ ചാവറയച്ചന് കഴിഞ്ഞിട്ടുണ്ട്. ‘ഒരു നല്ല പിതാവിന്റെ ചാവരുൾ‘ എന്ന അദ്ദേഹത്തിന്റെ ക്രിസ്തീയ കുടുംബങ്ങൾക്കായിട്ടുള്ള ഉപദേശങ്ങൾ ലോകമെങ്ങും പ്രായോഗികവും ഇപ്പോഴും പ്രസക്തവുമാണ്. പ്രാർത്ഥനയും, ദാനധർമ്മങ്ങളും ഒഴിവാക്കാതിരുന്ന അദ്ദേഹത്തിന്റെ നിരവധിയായ മതപരവും, സാമൂഹ്യവുമായ പ്രവർത്തനങ്ങൾക്കിടക്കും തനിക്ക് ചുറ്റും ആത്മീയത പരത്തുവാൻ വിശുദ്ധന് കഴിഞ്ഞിരുന്നു, അതിനാൽ ചാവറയച്ചന്റെ ആദ്യകാലങ്ങളിൽ തന്നെ അദ്ദേഹത്തെ ഒരു ദൈവീക മനുഷ്യനായി പരാമർശിച്ചു തുടങ്ങിയിരുന്നു.

‘ദൈവം നല്കിയ മക്കളെ വിശുരായി ദൈവത്തിനേല്പിക്കാത്ത മാതാപിതാക്കന്മാർക്കു വിധി ദിവസം ഭയാനകമായിരിക്കും’ വിശുദ്ധ ചാവറയച്ചന്റെ ഈ വാക്കുകൾ ഓരോ മാതാപിതാക്കളും ഓർത്തിരിക്കേണ്ടതാണ്.

1871ലാണ് വിശുദ്ധ ഏലിയാസ് കുര്യാക്കോസ് ചാവറ മരിച്ചത്. എന്നിരുന്നാലും 1936 ലാണ് CMI സഭയുടെ പൊതുസമ്മേളനത്തിൽ ചാവറയച്ചന്റെ വിശുദ്ധ പദവിക്കായുള്ള മാർഗ്ഗങ്ങളേപ്പറ്റി ചർച്ച ചെയ്തത്. വാസ്തവത്തിൽ 1926–ൽ മാത്രമാണ് സീറോമലബാർ സഭയുടെ പുരോഹിത സമ്പ്രദായത്തിന്റെ ഭരണഘടന നിലവിൽ വന്നത്. ഇതിനുശേഷം മാത്രമാണ് വിശുദ്ധ പദവിയേ കുറിച്ചുള്ള ആശയം ചൂട്പിടിച്ചത്. റവ. ഫാ. വലേരിയൻ പ്ലാത്തോട്ടം മതിയാകുംവിധം വലിപ്പത്തിൽ വിശുദ്ധന്റെ ഒരു ജീവചരിത്ര രേഖ ഏഴുതുകയും, 1939–ൽ പ്രസിദ്ധീകരിച്ചു.

വിശുദ്ധന്റെ മാധ്യസ്ഥം അപേക്ഷിച്ചവർക്ക് ലഭിച്ച അത്ഭുതകരമായ സഹായങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. താൻ രോഗാവസ്ഥയിലായിരിക്കെ വി.ചാവറയച്ചൻ രണ്ടു പ്രാവശ്യം തന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടുവെന്നും തന്റെ വേദനയിൽ നിന്നും ആശ്വാസം നൽകിയെന്നും, 1936–ൽ വി.അൽഫോൻസാമ്മ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മതിയായ അന്വേഷണങ്ങൾക്ക് ശേഷം 1953–ൽ പരിശുദ്ധ സഭയോട് വിശുദ്ധീകരണ നടപടികൾ തുടങ്ങണം എന്നപേക്ഷിച്ചുകൊണ്ടു റോമിലേക്ക് ഒരപേക്ഷ അയച്ചു. 1955–ൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തയായ മാർ മാത്യു കാവുകാട്ടച്ചന് രൂപതാതലത്തിലുള്ള നടപടികൾ ആരംഭിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു റോമിൽ നിന്നും നിർദ്ദേശം ലഭിച്ചു.

ആദ്യപടിയായി മാർ മാത്യു കാവുകാട്ട്, ആരെങ്കിലൂടെയും പക്കൽ ചാവറയച്ചനെ സംബന്ധിച്ച എന്തെങ്കിലും രേഖകളുണ്ടെങ്കിൽ മെത്രാന്റെ പക്കൽ സമർപ്പിക്കണമെന്നും, ഈ ഉദ്യമത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടു ഒരു ഔദ്യോഗിക

അവിടുന്ന് മനുഷ്യന് പ്രവൃത്തിക്കൊത്ത് പ്രതിഫലം നൽകുന്നു. (സങ്കീ. 62:12)







ഞാൻ സ്നേഹിക്കുന്നവരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യും. (വെളി 3:19)



എന്നെ ഓർമ്മയില്ലേ... എനിക്കുവേണ്ടി പ്രാർത്ഥിക്കില്ലേ...
സ്വർഗ്ഗത്തിൽ മൂന്നാം പിറന്നാൾ 16.01.2026
ആലപ്പാട്ട് ജോസ് മകൻ
ബ്രൈറ്റ്
ജനനം : 09 . 08 . 2000
മരണം : 16 . 01 . 2023
'യാത്രപറയാൻ എനിക്കായില്ല... യാത്രാമംഗളങ്ങൾ നേരാൻ നിങ്ങൾക്കും.
ജീവിതകാലത്ത് ഞാൻ നൽകിയ ഓർമ്മകൾ... പ്രാർത്ഥനയായി നിങ്ങളിൽ നിലനിൽക്കട്ടെ.

*10th Year of Demise*

Your life was a blessing, your memory a treasure
You are loved beyond words and missed beyond measure



# C. P. ANTONY

S/o. Chakkiath Poulose
Chakkiath House
Opp. SH College, Chalakudy

Birth : 06-05-1949 Death : 12-01-2016

അറിയിപ്പ് നൽകി. അതിനുശേഷം 1957-ൽ ചരിത്രപരമായ പഠനങ്ങൾക്കായി ഒരു കമ്മീഷനെ നിയമിച്ചു. 1962-ൽ രണ്ടു സഭാ കോടതികൾ ഇതിനായി നിലവിൽ വരുത്തി, ഇതിൽ ആദ്യ കോടതിയുടെ ചുമതല ചാവറയച്ചന്റെ എഴുത്തുകളും രേഖകളും സൂക്ഷ്മമായി പരിശോധിക്കുകയും, രണ്ടാമത്തെ കോടതിയുടെ ചുമതല ക്രിസ്തീയ നായക ഗുണങ്ങൾ നിറഞ്ഞ ഒരു ജീവിതമാണോ ചാവറ പിതാവ് നയിച്ചിരുന്നതെന്ന് അന്വോഷിക്കുകയായിരുന്നു. 1969-ൽ മൂന്നാമതായി ഒരു കോടതി സ്ഥാപിച്ച്, അനൗദ്യോഗികമായിട്ടുള്ള പൊതു വണക്കം വിശുദ്ധ ഏലിയാസ് ചാവറക്ക് നൽകിയിട്ടുണ്ടോ എന്ന കാര്യം അന്വേഷിക്കുകയും ചെയ്തു.

1970-ൽ അന്നത്തെ മെത്രാപ്പോലീത്തയായിരുന്ന മാർ ആന്റണി പടിയറ എല്ലാ കോടതികളുടേയും പ്രവർത്തനം ഔദ്യോഗികമായി ഉപസംഹരിച്ചു. ഈ രേഖകളെല്ലാം റോമിലെ ആചാരങ്ങളുടെ ചുമതലയുള്ള പരിശുദ്ധ സഭക്ക് അയച്ചു കൊടുത്തു. സഭ 1978-ൽ പതിമൂന്ന് അംഗങ്ങളുള്ള ഒരു സമിതി രൂപീകരിക്കുകയും, വിശുദ്ധീകരണ നടപടികൾക്കുള്ള തങ്ങളുടെ അനുവാദം നൽകുകയും ചെയ്തു. ഇതിനിടക്ക്, ദൈവശാസ്ത്രജ്ഞൻമാരുടെ സമിതി ചാവറയച്ചൻ നന്മ നിറഞ്ഞ ഒരു ജീവിതമാണ് നയിച്ചിരുന്നതെന്ന് പ്രഖ്യാപിച്ചു. 1980 മാർച്ച് 15ന് വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയുടെ വിശുദ്ധീകരണത്തിനുള്ള നാമനിർദ്ദേശം പരിശുദ്ധ സഭക്ക് മുൻപാകെ സമർപ്പിച്ചു. വിശുദ്ധീകരണ നടപടികൾക്ക് ചുമതലയുള്ള പരിശുദ്ധ നിർദ്ദേശക സമിതി ചാവറയച്ചന്റെ പുണ്യ പ്രവർത്തികളുടെ രേഖകൾ പരിശോധിച്ചു.

ഒരു തുടക്കമെന്ന നിലയിൽ 1983 നവംബർ 23ന് മെത്രാന്മാരുടേയും, ഉപദേഷ്ടാക്കളായ പുരോഹിതരുടേയും കൂടിക്കാഴ്ചയിൽ ഇക്കാര്യം അവതരിപ്പിക്കുകയും, 1984 മാർച്ച് 27ന് കർദ്ദിനാൾമാരുടെ കൂടികാഴ്ചയിൽ ഇതേ സംബന്ധിച്ച് കൂടുതലായ പഠനങ്ങൾ നടത്തുകയും ചെയ്തു. ചാവറയച്ചന്റെ ദൈവീകവും, ധാർമ്മികവുമായ മൂല്യങ്ങൾക്കനുസൃതമായ ജീവിതത്തേയും, പ്രവർത്തനങ്ങളെ കുറിച്ചുള്ള വ്യക്തമായ തെളിവുകളിൽ അവർ സംതൃപ്തി പ്രകടിപ്പിക്കുകയും, ഈ വിവരങ്ങളടങ്ങുന്ന ഒരു വ്യക്തമായ റിപ്പോർട്ട് ജോൺ പോൾ രണ്ടാമൻ മാർപാപ്പ മുൻപാകെ സമർപ്പിക്കപ്പെട്ടു.

അവസാനം, വിശുദ്ധന്റെ പുണ്യപ്രവർത്തികളെ അംഗീകരിച്ചുകൊണ്ട് പരിശുദ്ധ നിർദ്ദേശക സമിതി സമർപ്പിച്ച രേഖകളിൽ പാപ്പാ തന്റെ ഔദ്യോഗിക മുദ്ര ചാർത്തുകയും, 1984 ഏപ്രിൽ 7ന് ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു.

ധന്യനായ ചാവറയച്ചന്റെ മധ്യസ്ഥതയാൽ നടന്നുവെന്ന് പറയപ്പെടുന്ന ഒരു രോഗശാന്തിയെ വിദഗ്ദരായ ഡോക്ടർമാർ പരിശോധിച്ചതിനുശേഷം അത് ഒരു 'അത്ഭുത' മെന്ന് കണ്ടെത്തി. ഈ കണ്ടെത്തലിനെ പരിശുദ്ധ സമിതി സ്വീകരിക്കുകയും ചെയ്തു. ഇത് ചാവറയച്ചനെ 'വാഴ്ത്തപ്പെട്ടവൻ' എന്ന പദവിക്കർഹനാക്കി. തുടർന്ന് 1986 ഫെബ്രുവരി 8 ശനിയാഴ്ച പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തെ നാഗമ്പടം മൈതാനത്ത് വെച്ച് ധന്യനായ ദൈവ ദാസൻ കുര്യാക്കോസ് ഏലിയാസ് ചാവറയേയും, അൽഫോൻസാ മുട്ടത്തുപാടത്തിനേയും "വാഴ്ത്തപ്പെട്ടവർ" ആയി പ്രഖ്യാപിച്ചു.

പിന്നീട് 2014 നവംബർ 23ന് ഫ്രാൻസിസ് പാപ്പ വാഴ്ത്തപ്പെട്ട ചാവറ പിതാവിനെ 'വിശുദ്ധൻ' ആയി പ്രഖ്യാപിച്ചു. ചാവറയച്ചന്റെ മാധ്യസ്ഥം വഴിയായി, 1960 ഏപ്രിലിൽ ശ്രീ. ജോസഫ് മാത്യു പെണ്ണപറമ്പിലിന്റെ കാലിലെ ജന്മനാലുള്ള അസുഖം ഭേതമായത് ഒരു അത്ഭുതമാണെന്ന് റോം അംഗീകരിച്ചു.

ജനനം മുതലേ തന്റെ രണ്ടു കാലിലും മുടന്തുമായിട്ടാണ് ജോസഫ് ജനിച്ചത്. ജോസഫിന്റെ കുടുംബം ദരിദ്രരാണെങ്കിലും ദൈവഭക്തിയുള്ളവരായിരുന്നു. തന്റെ കാലുകളുടെ മുടന്ത് വകവെക്കാതെ ജോസഫ് സ്കൂളിൽ പോകുവാ

അവിടുത്തെ കോപം നിമിഷനേരത്തേയ്ക്കേ ഉള്ളു. അവിടുത്തെ പ്രസാദം ആജീവനാന്തം നിലനിൽക്കുന്നു. (സങ്കീ. 30:5)

ൻ തുടങ്ങി. അവന്റെ മൂത്ത സഹോദരി എപ്പോഴും അവന്റെ കൂടെ ഉണ്ടാകുമായിരുന്നു. ജോസഫിന് 7 വയസ്സുള്ളപ്പോഴാണ് അവന്റെ കുടുംബം ചാവറയച്ചന്റെ മാധ്യസ്ഥതയാൽ നിരവധി പേർക്ക് രോഗശാന്തി ലഭിച്ചിട്ടുള്ളതായി അറിയുവാൻ ഇടയായത്. ആ നിമിഷം മുതൽ അവർ ജോസഫിന്റെ കാലുകളുടെ അസുഖം ഭേതമാക്കുന്നതിനുവേണ്ടി ചാവറയച്ചന്റെ മദ്ധ്യസ്ഥം വളരെയേറെ ഭക്തിയോടും വിശ്വാസത്തോടും കൂടി അപേക്ഷിക്കുവാൻ തുടങ്ങി. പക്ഷെ ഇക്കാലയളവിലൊന്നും അവർക്ക് പ്രത്യേകിച്ചൊന്നും തോന്നിയില്ല. പക്ഷെ അവർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും തങ്ങളുടെ പ്രാർത്ഥന തുടരുകയും ചെയ്തു. ഒരു മാസത്തിനു ശേഷം ജോസഫും അവന്റെ സഹോദരിയും സ്കൂളിലേക്ക് പോകുമ്പോൾ, കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ ഭക്തിയുള്ള കുടുംബങ്ങളിലെ കുട്ടികൾ പതിവായി ചെയ്യുന്ന പോലെ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനോട് തന്റെ കാലുകളിലെ അസുഖം ഭേതമാക്കുവാനും, 1 സ്വർഗ്ഗസ്ഥനായ പിതാവും, 1 നന്മനിറഞ്ഞ മറിയവും, 1 പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും ചൊല്ലുവാൻ അവന്റെ സഹോദരി അവനോടാവശ്യപ്പെട്ടു.

അങ്ങിനെ അവർ രണ്ടുപേരും പ്രാത്ഥിച്ചുകൊണ്ടുനടക്കുമ്പോൾ പെട്ടെന്ന് തന്നെ ജോസഫിന് തന്റെ വലത് കാൽ വിറക്കുന്നതായി അനുഭവപ്പെട്ടു. ജോസഫ് ഉടനേ തന്നെ തന്റെ വലത് കാൽ നിലത്തുറപ്പിച്ചുകൊണ്ടു പതിയെ നടക്കുവാൻ ശ്രമിച്ചു, അത്ഭുതമെന്ന് പറയട്ടേ അവന്റെ വലത് കാലിലെ അസുഖം ഭേതമായി. കുറച്ച് ദിവസങ്ങളോളം നടക്കുമ്പോൾ അവനു വേദന അനുഭവപ്പെട്ടിരുന്നു, പിന്നീട് വേദനയും ഇല്ലാതായി. അവന്റെ ഒരു കാലിലെ അസുഖം ഭേദമായത് അവന്റെ കുടുംബത്തിനു വളരെയേറെ സന്തോഷവും പ്രതീക്ഷയും നൽകി. കൂടുതൽ ഉത്സാഹത്തോടും, ഭക്തിയോടും കൂടി അവന്റെ ഇടത്കാലിലെ മുടന്ത് കൂടി ഭേദമാക്കുവാൻ വേണ്ടി അവർ പ്രാർത്ഥിക്കുവാൻ തുടങ്ങി. 1960 ഏപ്രിൽ 30ന് രാവിലെ ജോസഫിന് തന്റെ ഇടത് കാലിൽ വേദന അനുഭവപ്പെട്ടു തുടങ്ങി, എന്നിരുന്നാലും അവൻ ആ വേദന വകവെക്കാതെ തന്റെ സഹോദരിയുടെ കൂടെ അവരുടെ മൂത്ത സഹോദരന്റെ വീട്ടിലേക്ക് പോയി.

പോകുന്ന വഴിക്ക്, അവന്റെ ഇടത് കാലിലെ വിരലുകൾ നേരെയാവുകയും, ക്രമേണ അവന്റെ കാലും സുഖം പ്രാപിക്കുകയും ചെയ്തു. അതിനുശേഷം തന്റെ രണ്ടു കാലും നിലത്ത് കുത്തി അവനു സാധാരണപോലെ നടക്കുവാൻ സാധിച്ചു. ഇത് ചാവറയച്ചറെ മാദ്ധ്യസ്ഥം മൂലമാണ് സംഭവിച്ചതെന്നാണ് ജോസഫ് വിശ്വസിക്കുന്നത്. ജോസഫിന്റെ അത്ഭുതകരമായ ഈ രോഗശാന്തി 1984-ൽ വിശുദ്ധീകരണ നടപടികൾക്കായി റോമിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തപ്പോൾ ജോസഫിന് 31 വയസ്സായിരുന്നു പ്രായം.

മരിയ ജോസ് കൊട്ടാരത്തിലിന്റെ- ഉടനടിയും, സ്ഥിരവും, പൂർണ്ണവുമായ രോഗശാന്തി വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസ് ചാവറയുടെ വിശുദ്ധീകരണത്തിനു പരിഗണിച്ച ഒരത്ഭുതമാണ് മരിയ ജോസ് കൊട്ടാരത്തിൽ എന്ന് പേരായ പെൺകുട്ടിയുടെ കോങ്കണ് പൂർണ്ണമായും സുഖപ്പെട്ടത്. കൊട്ടാരത്തിൽ വീട്ടിൽ ജോസ് തോമസിന്റെയും മറിയകുട്ടിയുടേയും ഏറ്റവും ഇളയ മകളായിരുന്നു അവൾ. അവൾക്ക് മുകളിൽ രണ്ടു സഹോദരന്മാർ: ഏറ്റവും മൂത്ത ജോർജ്ജ്, പാലാ അതിരൂപതക്ക് കീഴിലുള്ള സെമിനാരിയിലെ പഠിതാവും, രണ്ടാമത്തവനായ ഫെബിൻ, യൂണിവേഴ്സിറ്റി വിദ്യാർത്ഥിയും.

2005 ഏപ്രിൽ 5ന് കേരളത്തിലെ കോട്ടയം ജില്ലയിലെ പാലായിലാണ് മരിയ ജനിച്ചത്. പാലായിലെ സെന്റ്. തോമസ് കത്രീഡൽ പള്ളിയിൽ വെച്ചാണ് അവളെ മാമോദീസ മുക്കിയത്. അവൾക്ക് ജന്മനാതന്നെ കോങ്കണ്ണ് (alternating esotropia) ഉണ്ടായിരുന്നു, അവളുടെ മാതാപിതാക്കളും, 4, 5 മാസം പ്രായമുള്ളപ്പോൾ മുതൽ അവളെ അറിയുന്നവർക്കെല്ലാം ഇക്കാര്യം അറിയാമായിരുന്നു.

ദൈവത്തിന്റെ ഹിതം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും (മാർക്കോ 3:35)

അവളുടെ കണ്ണുകൾ പരിശോധിച്ച 5 പേർ അടങ്ങുന്ന വിദഗ്ദരായ ഡോക്ടർമാരുടെ സംഘം ഇത് കോങ്കണ്ണ് ആണെന്ന് ഉറപ്പിക്കുകയും, ശസ്ത്രക്രിയ മാത്രമേ ഇതിനു പരിഹാരമുള്ളൂ എന്ന് അറിയിച്ചു. എന്നാൽ പലവിധ കാരണങ്ങളാൽ അവളുടെ കുടുംബം ശസ്ത്രക്രിയ ഒഴിവാക്കിയിട്ട് ദൈവത്തിലേക്ക് തിരിയുകയും, വിശുദ്ധ ചാവറ പിതാവിന്റെ മാധ്യസ്ഥം അപേക്ഷിക്കുകയും ചെയ്തു.

ഒക്ടോബർ 9ന് മറിയക്കുട്ടി വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മുറിയും, കബറിടവും സന്ദർശിച്ചു, പിന്നീട് ഒക്ടോബർ 12ന് മരിയയും അവളുടെ മാതാപിതാക്കളും കബറിടം സന്ദർശിക്കുകയും, വളരെ ഭക്തിപൂർവ്വം അവളുടെ രോഗശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. ഒക്ടോബർ 16ന് പ്രാർത്ഥനക്ക് ശേഷം, എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും നിലനിൽക്കുന്ന ആചാരമനുസരിച്ച് 'ഈശോ മിശിഹാക്ക് സ്തുതി' പറയുവാൻ അവൾ തന്റെ മാതാപിതാക്കളുടെ അരികത്ത് ചെന്നപ്പോൾ അവളുടെ മാതാപിതാക്കൾ കുട്ടി നേരെ നോക്കുന്നതും, അവളുടെ കണ്ണുകൾ സുഖമായതും ശ്രദ്ധിച്ചു. വിശുദ്ധ ചാവറ പിതാവിന്റെ ഭൗതീകാവശിഷ്ടങ്ങൾ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മാന്നാനത്ത്, ചാവറയച്ചന്റെ കബറിടത്തിൽ വെച്ച് അദ്ദേഹത്തിലൂടെ ദൈവത്തിന് സമർപ്പിച്ച പ്രാർത്ഥനകളും, കൂടാതെ തങ്ങളുടെ കുടുംബ പ്രാർത്ഥനകളും മൂലമാണ് ഈ രോഗശാന്തി ഈ രോഗശാന്തി ലഭിച്ചതെന്നു അവളുടെ മാതാപിതാക്കളും, പ്രത്യേകിച്ച് അവളുടെ അമ്മയായ മറിയക്കുട്ടിയും, മുഴുവൻ കുടുംബവും, ബന്ധുക്കളും സുഹൃത്തുക്കളും വിശ്വസിക്കുന്നു.

അതേതുടർന്ന് കുട്ടിയെ അവർ വിവിധ ഡോക്ടർമാരുടെ പക്കൽ പരിശോധനക്കായി കൊണ്ടുപോയെങ്കിലും, അവരെല്ലാവരും തന്നെ തങ്ങളുടെ അറിവിലുള്ള വൈദ്യ ശാസ്ത്രപരമായ അറിവുകൾക്ക് വിവരിക്കാനാവാത്തവിധമുള്ള രോഗശാന്തിയാണിതെന്ന് ഉറപ്പിച്ചു പറഞ്ഞു. കൂടാതെ, ഈ കുട്ടിയുടെ കണ്ണുകൾ ഒരു തരത്തിലുള്ള വൈദ്യശാസ്ത്രപരമായ ചികിത്സകൾക്കും, ശസ്ത്രക്രിയക്കും വിധേയമായിട്ടില്ലെന്നും ഈ പരിശോധനകളിൽ നിന്നു തെളിഞ്ഞു. അതിനാൽ, ഒരു ശസ്ത്രക്രിയയും കൂടാതെ പെട്ടെന്നുള്ളതും, പൂർണ്ണവും സ്ഥിരമായിട്ടുമുള്ള രോഗം സൗഖ്യമാണിതെന്ന് ഡോക്ടർമാർ അറിയിച്ചതോടെ, ദൈവശാസ്ത്രജ്ഞ്ജന്മാരായ വിദഗ്ദരും ഈ അത്ഭുതകരമായ സുഖപ്പെടുത്തൽ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മാധ്യസ്ഥതയാൽ നടന്നതാണെന്ന് സ്ഥിരീകരിച്ചു.

അപ്രകാരം 2014 മാർച്ച് 18ന് കർദ്ദിനാൾമാരുടെ കൂടിക്കാഴ്ചയിൽ വച്ച് പരിശുദ്ധ നാമനിർദ്ദേശക സമിതി അംഗീകരിക്കുകയും ഇത് 2014 നവംബർ 23ലെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന ചടങ്ങിലേക്ക് നയിക്കുകയും ചെയ്തു.

*കടപ്പാട് : പ്രവാചകശബ്ദം* ■

# ആദ്യകുർബാന സ്വീകരണം
# 2026 മെയ് 3 ഞായർ

**വിശുദ്ധ കുർബാന സമയം**

**സാധാരണ ദിവസങ്ങളിൽ രാവിലെ 6, 7.15, വൈകീട്ട് 5 മണി.**

**25 നോമ്പിലും അമ്പത് നോമ്പിലും രാത്രി 8 മണിക്ക് വി.കുർബാന ഉണ്ടായിരിക്കും.**

**ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ 6, 7.30, 9.30. വൈകീട്ട് 5 മണി.**

നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെയുണ്ടായിരിക്കും. (ജോഷ്വ 1:9)







ജീവിതകാലം മുഴുവൻ നിന്റെ പ്രവർത്തികൾ നീതിനിഷ്ഠമായിരിക്കട്ടെ (തോബി 4:5)



# വിശുദ്ധ ദേവസഹായം പിള്ള

**തിരുനാൾ : ജനുവരി 14**

പതിനെട്ടാം നൂറ്റാണ്ടിൽ തിരുവിതാംകൂർ രാജ്യത്ത് ഉദ്യോഗസ്ഥനായിരിക്കെ, ഹൈന്ദവ വിശ്വാസം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച് വ്യക്തിയാണ് വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള. 1712 ഏപ്രിൽ 23-ന് കന്യാകുമാരി ജില്ലയിലെ നട്ടാലത്ത് ജനിച്ചു. വിശ്വാസ പരിവർത്തനത്തിനു മുൻപ് നീലകണ്ഠപിള്ള എന്ന് പേരുണ്ടായിരുന്ന അദ്ദേഹം മാർത്താണ്ഡ വർമ്മയുടെ കൊട്ടാരത്തിൽ കാര്യദർശിയായിരുന്നു. കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം ഡച്ച് സൈന്യത്തെ പരാജയപ്പെടുത്തി. തുടർന്ന്, തിരുവിതാംകൂർ സൈന്യത്തിന്റെ നവീകരണച്ചുമതല മാർത്താണ്ഡവർമ മഹാരാജാവ് ഡച്ച് സൈന്യാധിപൻ ഡിലനോയിയെ ഏൽപ്പിച്ചു. ഡിലനോയിയുടെ സഹായിയായി മഹാരാജാവ് പിള്ളയെ നിയമിച്ചു. അദ്ദേഹത്തിൽ നിന്നാണ് പിള്ള യേശുക്രിസ്തുവിനെ കുറിച്ച് കേട്ടറിഞ്ഞത്.

തുടർന്ന്, തെക്കൻ തിരുവിതാംകൂറിലെ നേമം എന്ന സ്ഥലത്ത് മിഷനറിയായിരുന്ന ബുട്ടാരി എന്ന ഈശോസഭാവൈദികനിൽ നിന്ന് 1745 മേയ് 17-ന് ലാസർ എന്നർത്ഥമുള്ള ദേവസഹായം പിള്ള എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. അറിഞ്ഞ ക്രിസ്തുവിനെ പ്രഘോഷിക്കാതിരിക്കാൻ പിള്ളയ്ക്കു സാധിച്ചില്ല. രാമപുരം, വടക്കേക്കുളം, നെയ്യാറ്റിൻകര തുടങ്ങിയ സ്ഥലങ്ങളിലെല്ലാം പോയി പിള്ള ക്രിസ്തുവിനെ പ്രസംഗിച്ചു. ഇത് രാജസേവകരുടെയും പിള്ളയുടെ സഹപ്രവർത്തകരുടെയും കോപം ജ്വലിപ്പിച്ചു. നമ്പൂതിരിമാരെ വെറുത്തിരുന്ന രാമയ്യൻ ദളവയുടെ കൂടി സഹായത്തോടെ പിള്ളയ്ക്കെതിരായി അവർ ഉപജാപം നടത്തി രാജദ്രോഹക്കുറ്റം ചാർത്തി രാജസമക്ഷം അവതരിപ്പിച്ചു.

'ജീവൻ വേണമെങ്കിൽ ക്രിസ്തുവിനെ ഉപേക്ഷിക്കുക.' രാജാവ് ഉത്തരവിട്ടു. പ്രാണനെക്കാൾ ക്രിസ്തുവിനെ സ്നേഹിച്ച പിള്ള പക്ഷേ, ക്രിസ്തുവിനൊപ്പം നിന്നു. പിള്ളയുടെ കൈകാലുകൾ ബന്ധിച്ച് ദിവസവും 30 അടി വീതം കാൽവെള്ളയിൽ അടിക്കാൻ രാജാവ് ഉത്തരവിട്ടു. വഴിപോക്കർപോലും പിള്ളയെ മർദിച്ചു രസിച്ചു. മുളകുപൊടി ചുറ്റിനും ഇട്ടു പുകയ്ക്കുക, എരുക്കിൻ പൂമാലയണിയിച്ച് പൊള്ളുന്ന വെയിലത്ത് എരുമപ്പുറത്ത് കയറ്റി നാടുചുറ്റിക്കുക, മുറിവിൽ മുളകു പുരട്ടുക തുടങ്ങിയ മർദനമുറകൾ. നാലുകൊല്ലത്തോളം ജയിൽവാസം.

1752 ജനുവരി 14ന് വെടിവച്ചു കൊല്ലാനുള്ള ഉത്തരവുമായി രാജഭടൻമാർ പിള്ളയെ കാറ്റാടി മലയിലെ ഒരു പാറയിൽ കൊണ്ടു ചെന്നുനിർ

ഉലയിൽ സ്വർണ്ണമെന്നപോലെ അവിടുന്ന് അവരെ ശോധനചെയ്തു (ജ്ഞാനം 3:6)

ത്തി. തനിക്ക് പോകാൻ സമയമായി എന്നറിഞ്ഞ പിള്ള അവസാനമായി പ്രാർത്ഥിക്കാൻ അനുവാദം ചോദിച്ചു. പാറയിൽ ചങ്ങലകളിൽ ബന്ധിക്കപ്പെട്ടു പ്രാർത്ഥിക്കുന്ന ചിത്രം പിന്നീട് വിശ്വാസചരിത്രത്തിനു വിളക്കായി. അങ്ങനെ ധീരരക്തസാക്ഷിത്വം വരിച്ചു. ചങ്ങലകളാൽ ബന്ധിക്കപ്പെട്ട നിലയിൽ മുട്ടിൽ നിന്ന് പ്രാർത്ഥിക്കുന്ന ദേവസഹായം പിള്ളയുടെ പെയിന്റിംഗ് ഇന്നും അദ്ദേഹത്തിന്റെ വീരോചിത വിശ്വാസ സാക്ഷ്യത്തെ എടുത്തുകാട്ടുന്നു.

2004-ൽ, ഭാരത മെത്രാന്മാരുടെ സമിതിയുടെ തമിഴ്നാട് ശാഖ, ദേവസഹായം പിള്ളയെ വിശുദ്ധപദവിയിലേയ്ക്ക് ഉയർത്തണമെന്ന് വത്തിക്കാനോട് ശുപാർശചെയ്തു. ദേവസഹായം പിള്ളയെ രക്തസാക്ഷി വിശുദ്ധ പദവിയിലേക്ക് ഉയർത്താനുള്ള നടപടികൾക്ക് 2012-ൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അംഗീകാരം ലഭിച്ചു. 2012 ഡിസംബർ 2-ന് കത്തോലിക്കസഭ ഇദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. അന്നത്തെ വിശുദ്ധരുടെ നാമകരണത്തിന് വേണ്ടിയുള്ള തിരുസംഘത്തിന്റെ തലവൻ കർദ്ദിനാൾ ആഞ്ചലോ അമാത്തോ, ഇന്ത്യൻ മനഃസാക്ഷിയുടെയും തമിഴിന്റെയും പ്രതീകമായാണ് ദേവസഹായം പിള്ളയെ വിശേഷിപ്പിച്ചത്. 2022 മെയ് 15നു പതിനായിരങ്ങളെ സാക്ഷിയാക്കി ഫ്രാൻസിസ് പാപ്പ ദേവസഹായം പിള്ളയെ വിശുദ്ധനായി പ്രഖ്യാപിച്ചു.

*കടപ്പാട്: പ്രവാചകശബ്ദം* ■

# ദീപിക തീവ്രപ്രചാരണയജ്ഞം



ദീപിക ദിനപത്രത്തിന്റെ തീവ്രപ്രചാരണയജ്ഞം ചാലക്കുടി സെന്റ് മേരീസ് പള്ളിയിൽ വികാരി ഫാ. വർഗ്ഗീസ് പാത്താടൻ ഉദ്ഘാടനം ചെയ്യുന്നു. ട്രസ്റ്റിമാരായ റിജു സെബാസ്റ്റ്യൻ, സുനിൽ ഡേവിസ്, പോളി മേച്ചേരി, മനോജ് സെബാസ്റ്റ്യൻ എന്നിവർ ചേർന്ന് ദീപിക പത്രം ഏറ്റുവാങ്ങി. ദീപിക ഡയറക്ടർ ഇട്ടൂപ്പ് കോനുപറമ്പൻ, സർക്കുലേഷൻ ജനറൽ മാനേജർ ഫാ. ജിനൊ പുന്നമറ്റത്തിൽ, കോഓർഡിനേറ്റിംഗ് എഡിറ്റർ ഫാ. റിന്റോ പയ്യപ്പിള്ളി, അസി. വികാരി ഫാ. അഖിൽ തണ്ടിയേക്കൽ, ഡിഎഫ്സി രൂപത പ്രസിഡന്റ് ജോസഫ് വാസുപുരത്തുകാരൻ, കേന്ദ്രസമിതി പ്രസിഡന്റ് ജോസി കൊട്ടേക്കാരൻ എന്നിവർ സമീപം.

അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവരുടെ മേൽ അവിടുന്നു കരുണയും അനുഗ്രഹവും വർഷിക്കും (ജ്ഞാനം 3:9)


2025 ഡിസംബർ 30 ന് തിരുപ്പട്ടം സ്വീകരിച്ച നവവൈദീകർ
ഫാ. മെൽജോ കുറുമ്പിലായിക്കാരൻ, വി.സി
ഫാ. ആന്റണി പുളിക്കൻ
ചാലക്കുടി സെന്റ് മേരീസ് ഫൊറോന ചർച്ച്
ഇടവക കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ..


സ്നേഹസ്മരണയ്ക്ക്
28-ാം
ചരമവാർഷികം
15-ാം
ചരമവാർഷികം
എടത്തിലകത്ത് മഞ്ഞപ്രക്കാരൻ
ദേവസ്സി മകൻ ഔസേപ്പ്
ജനനം : 05.01.1930
മരണം : 05.12.1997
ഔസേപ്പ് ഭാര്യ മറിയാമ്മ
ജനനം : 01.02.1945
മരണം : 05.01.2011
ഞങ്ങൾ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും
ഞങ്ങളുടെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കണമേ.



## സ്നേഹസ്മരണയ്ക്ക്

3-ാം ചരമവാർഷികം



ചിറയത്ത് മുണ്ടൻമാണി പൗലോസ്

# ചാക്കപ്പൻ

ജനനം : 10.11.1937
മരണം : 17.01.2023

"നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമെ."



## സ്നേഹസ്മരണയ്ക്ക്





എടത്തിലകത്ത് മഞ്ഞപ്രക്കാരൻ

# എം.ഒ. ആന്റണി   സെലീന ആന്റണി

ജനനം : 28.02.1924  മരണം : 10.03.1975    ജനനം : 07.12.1929  മരണം : 24.08.2023

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കണമെ


NIRMALA
SINCE 1976
NIRMALA
Landmark
BOOKS, OFFICE & EDUCATIONAL STATIONERY
Kavalakkat Vattoly Building, Chalakudy
Ph : 0480-2701758
Camel
SCHOLAR
kangaro
STAPLES
No.10-1M
CASIO
12345678
NIRMALA BOOKS
NIRMALA BUILDING, SOUTH CHALAKUDY
Mob: +91 9946 134 999, 9249 572 188
N cRaft
a NIRMALA product
NIRMALA
Offset & Digital Press
Nirmala College Road, South Chalakudy
Ph : 0480 2706659, 2701259
Mob : 9249572122
email : nirmalaplus@gmail.com
Hiprint pvt ltd
Kanjani Road, West Fort-Thrissur
Ph : 0487 2387393, 2382858
Mob : 9249572131
email : vnirmalahp@gmail.com
We undertake high quailty multicolour printing jobs

# ഇന്നലെകളിലൂടെ




ജയന്തി - 2025 മഹാ ജൂബിലി
ചാലക്കുടി മേഖല
ഘോഷയാത്ര
സ്ഥാപനങ്ങളും
MAXX STORE

# സ്നേഹസ്മരണയ്ക്ക്

25-ാം ചരമവാർഷികം



കൂള ദേവസ്സി

വർഗ്ഗീസ്



“അല്പം ഓർമ്മകളും വേർപാടിന്റെ
വേദനകളും നിങ്ങൾക്ക് നൽകി ഞങ്ങൾ
കടന്നുപോകുമ്പോൾ പ്രിയപ്പെട്ടവരെ
ആശ്വസിക്കുവിൻ
ദൈവസന്നിധിയിൽ നമുക്ക് ഒരുമിക്കാം
നിങ്ങളുടെ പ്രാർത്ഥനയിൽ
ഞങ്ങളെയും ഓർക്കണമേ”......

15-ാം ചരമവാർഷികം



കൂള വർഗ്ഗീസ്

മേരി



# സ്നേഹസ്മരണയ്ക്ക്

## രണ്ടാം ചരമവാർഷികം





# ലിസി ടീച്ചർ

**W/o. പറനിലം ദേവസി തോമസ്**

**കൂടപ്പുഴ, ചാലക്കുടി/പരിയാരം**

ജനനം : 13. 01. 1943 മരണം : 03. 01. 2024

(കവലക്കാട്ട് ചിറപ്പണത്ത് കുടുംബാംഗം, പരിയാരം)

(റിട്ട. ഹെഡ്മിസ്ട്രസ്: സെന്റ് ജോർജ്ജസ് സ്കൂൾ, പരിയാരം)



യൂണിറ്റ് – 31

# സ്നേഹസ്മരണയ്ക്ക്

## 2–ാം ചരമവാർഷികം







## തോപ്പിൽ ആന്റോ ഭാര്യ

# മിനി

(ഗവ. സീനിയർ നഴ്സിങ്ങ് ഓഫീസർ)

ജനനം : 04-04-1974     മരണം : 24-01-2024

കർത്താവിന്റെ പറുദീസയിലേക്ക് പെട്ടെന്നുള്ള വിളിയിൽ
എനിക്ക് നിങ്ങളോട് യാത്ര പറയാനായില്ല; യാത്രയാക്കാൻ നിങ്ങൾക്കും;
സ്വർഗ്ഗീയാരാമത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങളുടെ പ്രാർത്ഥനാനിമിഷങ്ങളിൽ എന്നേയും സ്മരിക്കേണമെ...

യൂണിറ്റ്– 18



# വിശുദ്ധ ജോൺ ബോസ്കോ

**തിരുനാൾ : ജനുവരി – 31**

സലേഷ്യൻ സൊസൈറ്റിയുടെ സ്ഥാപകനായ വിശുദ്ധ ജോൺ ബോസ്കോ 1815 ഓഗസ്റ്റ് 16ന് ഇറ്റലിയിലെ, പിഡ്മോണ്ടിലെ കാസ്റ്റെൽനുവോവൊക്ക് സമീപമുള്ള ഒരു മലയോര ഗ്രാമമായ ബെച്ചിയിലാണ് ജനിച്ചത്. വിശുദ്ധന് രണ്ടുവയസ്സ് കഴിഞ്ഞപ്പോഴേക്കും, വിശുദ്ധന്റെ അമ്മയായ മാർഗരെറ്റ് ബോസ്കൊയെ തങ്ങളുടെ മൂന്ന് ആൺകുട്ടികളുടേയും ഉത്തരവാദിത്വം ഏൽപ്പിച്ചുകൊണ്ട് പിതാവ് മരണമടഞ്ഞു. ആദ്യകാലങ്ങൾ ഒരാട്ടിടയനായിട്ടായിരുന്നു അദ്ദേഹം ചിലവഴിച്ചിരുന്നത്. തന്റെ ആദ്യപാഠങ്ങൾ ജോൺ സ്വീകരിച്ചത് അവന്റെ ഇടവക വികാരിയിൽ നിന്നുമായിരുന്നു. അദ്ദേഹം ഒരു ഫലിതപ്രിയനും, നല്ല ഓർമ്മശക്തിയുള്ളവനുമായിരുന്നു.

വർഷങ്ങൾ കടന്നു പോയി, വിജ്ഞാനത്തിനുവേണ്ടിയുള്ള അടങ്ങാത്ത ദാഹം വിശുദ്ധനിൽ ശക്തമായി. എന്നാൽ വീട്ടിലെ ദാരിദ്ര്യം നിമിത്തം പലപ്പോഴും വിശുദ്ധന് തന്റെ പഠനമുപേക്ഷിച്ചു വയലിൽ പണിക്ക് പോകേണ്ടതായി വന്നു. എന്നിരുന്നാലും പഠനത്തോടുള്ള അടങ്ങാത്ത അഭിനിവേശം ഒരിക്കലും വിശുദ്ധൻ ഉപേക്ഷിച്ചിരുന്നില്ല. 1835–ൽ ജോൺ ചിയേരിയിലെ സെമിനാരിയിൽ ചേർന്നു. ആറു വർഷത്തെ പഠനത്തിനുശേഷം ടൂറിനിലെ മെത്രാപ്പോലീത്തയായിരുന്ന ഫ്രാൻസോണിയിൽ നിന്നും പുരോഹിത പട്ടം സ്വീകരിച്ചു.

ഭയപ്പെടേണ്ട ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു നീ എന്റേതാണ് (ഏശ 43:1)

സെമിനാരിവിട്ടു ടൂറിനിൽ എത്തിയ വിശുദ്ധൻ അത്യുത്സാഹത്തോടെ തന്റെ പൗരോഹിത്യ പ്രയത്നങ്ങൾ ആരംഭിച്ചു. ഇവിടെ വെച്ചാണ് അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ച ഒരു സംഭവം ഉണ്ടായത്. നഗരത്തിലെ കാരാഗ്രഹങ്ങൾ സന്ദർശിക്കുവാനായി ഡോൺ കഫാസ്സോ പോകുന്ന അവസരങ്ങളിൽ അദ്ദേഹത്തെ അനുഗമിക്കുന്ന ചുമതല വിശുദ്ധ ജോൺ ബോസ്കോക്കായിരുന്നു. അവിടെ അടക്കപ്പെട്ട കുട്ടികളുടെ ദുരിതപൂർണ്ണമായ അവസ്ഥ വിശുദ്ധൻ കാണുവാനിടയായി. തിന്മയുടെ സ്വാധീനത്തിനായി ഉപേക്ഷിക്കപ്പെട്ടവർ, അവരുടെ മുൻപിൽ തൂക്കുമരമല്ലാതെ മറ്റൊന്നുമില്ലായിരുന്നു. ഇത് വിശുദ്ധന്റെ മനസ്സിൽ ഒരിക്കലും മങ്ങാത്ത ഒരു ചിത്രമായി മാറി. അതിനാൽ വിശുദ്ധൻ തന്റെ ശേഷിച്ച ജീവിതം ഈ ഹതഭാഗ്യരുടെ രക്ഷക്കായി വിനിയോഗിക്കുവാൻ ഉറച്ച തീരുമാനമെടുത്തു.

1841 ഡിസംബർ 8ന് മാതാവിന്റെ വിശുദ്ധ ഗർഭധാരണ തിരുനാളിൽ വിശുദ്ധ കുർബ്ബാനക്കായി അർപ്പിക്കുവാനായി വിശുദ്ധൻ തയ്യാറെടുക്കേ അൾത്താര ശുശ്രൂഷകൻ കീറിപ്പറിഞ്ഞ കുപ്പായം ധരിച്ച ഒരു അനാഥബാലനെ ദേവാലയത്തിൽ നിന്നും ഓടിച്ചുവിട്ടു. അവന്റെ കരച്ചിൽ കേട്ട വിശുദ്ധൻ അവനെ തിരികെ വിളിച്ചു. അങ്ങിനെ ആ പുരോഹിതനും അനാഥബാലനായ ബർത്തലോമിയോയും തമ്മിലുള്ള സൗഹൃദം പെട്ടന്നാണ് വളർന്നത്. തെരുവിൽ നിന്നും കിട്ടിയ തന്റെ ആദ്യത്തെ ശിഷ്യനെ പഠിപ്പിക്കുവാനുള്ള ചുമതല വളരെ ഉത്സാഹപൂർവ്വം അദ്ദേഹം ഏറ്റെടുത്തു.

അധികം താമസിയാതെ ബർത്തലോമിയോക്ക് നിരവധി കൂട്ടുകാരുണ്ടായി, അവർ ഒരിക്കലും അനുഭവിക്കാത്ത തരത്തിലുള്ള ഒരു സ്നേഹം അവർക്കവിടെ ലഭിച്ചു. 1842 ഫെബ്രുവരിയായപ്പോഴേക്കും അവിടെ 20 ഓളം ആൺകുട്ടികളായി. അതേവർഷം മാർച്ചിൽ 30ഉം 1846 മാർച്ച് ആയപ്പോഴേക്കും 400ഓളം കുട്ടികളായി.

ആൺകുട്ടികളുടെ എണ്ണം കൂടിയപ്പോൾ അതിനു പറ്റിയ ഒരു സമ്മേളന സ്ഥലത്തിന്റെ അപര്യാപ്തത അവരുടെയിടയിൽ അനുഭവപ്പെട്ടു. നല്ലകാലാവസ്ഥയിൽ ഞായറാഴ്ചകളിലും, ഒഴിവു ദിവസങ്ങളിലും അവർ നടക്കുവാൻ പോയി, പുറത്ത് വച്ചു ഉച്ചഭക്ഷണവും കഴിക്കുന്ന പതിവുണ്ടായി, തന്റെ ശിഷ്യന്മാരുടെ സംഗീതത്തിലുള്ള ആഗ്രഹം മനസ്സിലാക്കിയ ഡോൺ ബോസ്കോ ലോഹനിർമ്മിതമായ പഴയ സംഗീതോപകരണങ്ങൾ സംഘടിപ്പിച്ചു അവരേവെച്ചൊരു ഒരു സംഗീതകൂട്ടായ്മക്ക് രൂപം നൽകി. 1844-ൽ ഡോൺബോസ്കോ റിഫൂജിയോയിലേക്കൊരു സഹ പുരോഹിതനെ നിയമിച്ചു. ഡോൺ ബോറെൽ ആ ഉത്തരവാദിത്വം സന്തോഷപൂർവ്വം ഏറ്റെടുത്തു.

മെത്രാപ്പോലീത്തയായ ഫ്രാൻസോണിയുടെ അനുവാദത്തോടെ, രണ്ടു മുറികൂടി റിഫൂജിയോയോട് കൂട്ടി ചേർത്ത് അതൊരു ചെറിയ ദേവാലയമായി മാറ്റിയെടുക്കുകയും അത് വിശുദ്ധ ഫ്രാൻസിസ് ഡി സാലെസിനു സമർപ്പിക്കുകയും ചെയ്തു. ഒറേറ്ററിയിലെ അംഗങ്ങൾ ഇപ്പോൾ റിഫൂജിയോയിലാണ് സംഘടിച്ചിരുന്നത്. അയൽ ജില്ലകളിൽ നിന്നും ധാരാളം ആൺകുട്ടികൾ അവിടെ പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചു. ഈ സമയത്താണ് (1845ൽ) വിശുദ്ധ ഡോൺബോസ്കോ നിശാപള്ളികൂടങ്ങൾ ആരംഭിക്കുന്നത്, പണിശാലകൾ അടക്കുന്ന സമയമായതിനാൽ പഠനത്തിനായി ആൺകുട്ടികൾ ഇവരുടെ മുറികളിൽ തടിച്ചുകൂടി, വിശുദ്ധ ഡോൺബോസ്കോയും, ഡോൺ ബോറെലും പ്രാഥമിക ശാഖകളിൽ അവർക്ക് വിദ്യാഭ്യാസം നൽകി.

റിഫൂജിയോയിലെ ഒറേറ്ററിയുടെ വിജയഗാഥ വളരെകാലം നീണ്ടു നിൽക്കുന്ന ഒന്നായിരുന്നില്ല. വിശുദ്ധന് വളരെയേറെ നിരാശയുണ്ടാക്കികൊണ്ട് തന്റെ മുറികൾ ഉപേക്ഷിക്കേണ്ടതായി വന്നു. ഇത് മൂലം അദ്ദേഹത്തിന് തന്റെ ഉദ്യമങ്ങളുടെ സുഗമമായ പോക്കിന് തടസ്സമായി മാറുകയും ചെയ്തു. ഇത്തരം പ്രശ്നങ്ങളുടെ സമയത്തും അദ്ദേഹത്തിന്റെ സ്ഥിരോ

മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അന്തിമമായ തീരുമാനം കർത്താവിന്റേതത്രേ. (സുഭാ 16:1)

ത്സാഹം പലരെയും അദ്ദേഹത്തെ ബുദ്ധിഭ്രമമുള്ളവൻ എന്ന് ധരിക്കുന്നതിനിടയാക്കി. അദ്ദേഹത്തെ ഭ്രാന്താലയത്തിൽ അടക്കുവാനുള്ള ശ്രമങ്ങൾ വരെയുണ്ടായി. വിശുദ്ധന്റെ ശിഷ്യന്മാരുടെ സ്വഭാവം കണക്കിലെടുത്ത് അദ്ദേഹത്തിന്റെ സമൂഹം ഒരു പൊതുശല്യമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് നിരവധി പരാതികൾ വിശുദ്ധനെതിരെ ഉയർന്നു. അതിനാൽ റിഫൂജിയോയിലെ ഒറേറ്ററി റിഫൂജിയോയിൽ നിന്നും സെന്റ് മാർട്ടിൻസിലെ സെന്റ് പീറ്റേഴ്സ് ദേവാലയാങ്കണത്തിൽ കൊട്ടോലെൻഗോയിലേക്കുള്ള വഴിയിലെ മൂന്ന് റൂമുകളിലേക്ക് മാറ്റി, അവിടെ ഒരു തുറന്ന മൈതാനിയിൽ നിശാപള്ളികൂടങ്ങൾ പുനരാരംഭിച്ചു.

അവസാനം അവിടെ ഒരു കൊട്ടിൽ ഉയർന്നു. അതിൽ ഒരു ഒറേറ്ററി വളർന്നു വരികയും ചെയ്തു, ഏതാണ്ട് 700-ഓളം അംഗങ്ങൾ അതിൽ ഉണ്ടായിരുന്നു. അതിനടുത്തായി വിശുദ്ധ ഡോൺ ബോസ്കോ ഒരു വാടകവീടെടുത്തു. അവിടെ "മാമാ മാർഗരെറ്റ്" എന്നറിയപ്പെടുവാനിരുന്ന അദ്ദേഹത്തിന്റെ അമ്മയും വിശുദ്ധനൊപ്പം ചേർന്നു, സലേഷ്യൻ സഭയുടെ ആദ്യ ഭവനമായ ഇതിൽ വിശുദ്ധന്റെ അമ്മ തന്റെ അവസാന പത്ത് വർഷത്തോളം കാലം അവിടത്തെ കുരുന്ന് അന്തേവാസികളെ പരിചരിച്ചുകൊണ്ട് ചിലവഴിച്ചു. ആ മഹതി തന്റെ മകനെ സഹായിക്കുവാനായി ഈ ഒറേറ്ററിയിൽ ചേരുമ്പോൾ ഒറേറ്ററിയുടെ പുറംകാഴ്ച അത്ര തിളക്കമാർന്നതായിരുന്നില്ല.

എന്നാൽ തനിക്കുണ്ടായിരുന്ന ചെറിയ ചെറിയ വരുമാനം അവർ ഇതിനായി ചിലവഴിച്ചു, തന്റെ ഭവനത്തിൽ നിന്നും വേർപിരിഞ്ഞ് അവിടത്തെ വീട്ടു സാധനങ്ങളും, അലങ്കാര സാധനങ്ങളും, തന്റെ ആഭരണങ്ങൾ വരെ അവർ ഇതിനായി ചിലവഴിച്ചു. തെരുവിലെ ആ കുട്ടികൾക്കായി അവർ ഒരമ്മയുടെ സ്നേഹം നൽകി. ക്രമേണ നിശാ ക്ലാസുകൾ വർദ്ധിക്കുകയും അവിടെ താമസിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി താമസസൗകര്യങ്ങൾ നിലവിൽ വരികയും ചെയ്തു. ഇങ്ങനെ അവിടുത്തെ ആദ്യ സലേഷ്യൻ ഭവനം സ്ഥാപിതമായി. അവിടെ ഇപ്പോൾ ഏതാണ്ട് ആയിരത്തോളം കുട്ടികൾ ഉണ്ട്.

ഇക്കാലയളവിൽ മുനിസിപ്പാലിറ്റി അധികൃതർ വിശുദ്ധന്റെ ഈ ഉദ്യമത്തിന്റെ പ്രാധാന്യം മനസ്സിലാക്കി തുടങ്ങിയിരുന്നു. സാങ്കേതിക വിദ്യാലയങ്ങളും, പണിശാലകളും തുടങ്ങുവാൻ ആവശ്യമായ സാമ്പത്തികം സ്വരുക്കൂട്ടുന്നതിൽ വിശുദ്ധൻ വിജയിച്ചു തുടങ്ങി. വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ ഇവ പണിയുവാൻ വിശുദ്ധന് കഴിഞ്ഞു. 1868-ൽ ടൂറിനിലെ വാൾഡോക്കോയിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവിടെ ഒരു ദേവാലയം പണികഴിപ്പിക്കുവാൻ വിശുദ്ധൻ തീരുമാനമെടുത്തു. അതിൻ പ്രകാരം 1500 ഓളം സ്കൊയർ യാർഡിൽ കുരിശിന്റെ രൂപത്തിൽ ഒരു ദേവാലയത്തിന്റെ പദ്ധതി വിശുദ്ധൻ തയ്യാറാക്കി.

ഇക്കാര്യത്തിൽ വേണ്ട ധനം സമാഹരിക്കുന്നതിൽ വിശുദ്ധന് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വന്നു. എന്നിരുന്നാലും വിശുദ്ധന്റെ ചില സുഹൃത്തുക്കളുടെ സംഭാവനകളാൽ അവസാനം ഈ ദേവാലയത്തിന്റെ നിർമ്മാണം വിശുദ്ധൻ പൂർത്തിയാക്കി. ഏതാണ്ട് പത്ത് ലക്ഷത്തിലധികം ഫ്രാങ്ക് ഇതിന്റെ നിർമ്മാണത്തിനായി ചിലവായി. 1868 ജൂൺ 9ന് ദേവാലയം അഭിഷേകം ചെയ്യപ്പെടുകയും 'ക്രിസ്ത്യാനികളുടെ സഹായമായ പരിശുദ്ധ മാതാവിന്റെ' മാധ്യസ്ഥത്തിൽ സമർപ്പിക്കുകയും ചെയ്തു. വിശുദ്ധൻ ഈ ദേവാലയ നിർമ്മിതി തുടങ്ങിയ അതേവർഷം തന്നെ അദ്ദേഹത്തെ സഹായിച്ചിരുന്ന 50 പുരോഹിതന്മാരും, അദ്ധ്യാപകരും ചേർന്ന് ഒരു പൊതുപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമിതി രൂപീകരിക്കുകയും, പിയൂസ് ഒമ്പതാമൻ പാപ്പാ 1869-ൽ ഇതിന് താൽക്കാലികവും, 1874-ൽ സ്ഥിരവുമായ അംഗീകാരം നൽകുകയും ചെയ്തു.

*കടപ്പാട്: പ്രവാചകശബ്ദം* ■

പരിച്ഛേദിതനോ അപരിച്ഛേദിതനോ എന്ന് നോക്കണ്ട; ദൈവകല്പനകൾ പാലിക്കുക എന്നതാണ് സർവ്വപ്രധാനം (1 കോറി 7:19)



# സ്നേഹസ്മരണയ്ക്ക്

22-ാം ചരമവാർഷികം

## അറയ്ക്കൽ മാളക്കാരൻ ലോനപ്പൻ ഭാര്യ

## ഏല്യ

മരണം : 31-12-2003

കുടുംബത്തിന് വിളക്കായ് വെളിച്ചമായ്
പ്രകാശം പരത്തിയ പുണ്യജീവിതം സ്വർഗ്ഗത്തിൽ
നക്ഷത്രമായ്... മരിക്കാത്ത ഓർമ്മകളായ്
ഞങ്ങളുടെ മനസ്സിൽ...



# സ്മരണാഞ്ജലി

44-ാം ചരമവാർഷികം

## മേനാച്ചേരി വർഗ്ഗീസ് മകൻ

## വിജു

ജനനം : 26-01-1975

മരണം : 29-01-1982

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായ്
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോട് പ്രാർത്ഥിക്കുക. അവിടുന്ന് നിന്നെ സുഖപ്പെടുത്തും. (പ്രഭാ. 38:9)



# എളിമയെന്ന ദൈവീകദാനം

**ജോസ് വി. കല്ലിങ്കൽ** യൂണിറ്റ് 49

താണനിലത്തെ നീരോടൂ. താഴ്മയുള്ളയിടത്തെ ഐശ്വര്യത്തിന്റെ നീർചാലുകൾ നമ്മുടെ ജീവിതത്തിലേക്ക് ഒഴുകിയെത്തുകയുള്ളു. മറ്റുള്ളവരുടെ സന്നിധിയിൽ നാം ചെറുതാകുമ്പോൾ, ദൈവസന്നിധിയിൽ മഹത്വം ആർജ്ജിക്കുന്നു, ദൈവകൃപ നമ്മിലേക്ക് ഒഴുകിയെത്തുന്നു.

"നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക, അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും" (പ്രഭാ: 3-18).

മറിയത്തിന്റെ സ്തോത്രഗീതത്തിൽ - അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിക്കുകയും, ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിക്കുകയും, ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു എളിയവരെ ഉയർത്തിയതായി നാം കാണുന്നു. സഭാചരിത്രത്തിലേക്ക് ഒന്ന് കണ്ണോടിച്ചാൽ കാണാം എളിമയെന്ന പുണ്യത്താൽ വിശുദ്ധീകരിക്കപ്പെട്ടവരാണെന്ന്.

അഹങ്കാരത്തെ കീഴ്പ്പെടുത്തുവാൻ ഏറ്റവും മൂർച്ചയേറിയ ആയുധം എളിമതന്നെ. അഹങ്കാരത്തിന്റെയും എളിമയുടെയും നിർവ്വചനം എത്ര മനോഹരവും ലളിതവുമായാണ് യേശുനാഥൻ അരുൾ ചെയ്തിരിക്കുന്നത്.

"തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർച്ചപ്പെടും."

ഏവരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതുവാൻവേണ്ടി ഈശോ നമ്മോട് പറയുന്ന വചനങ്ങളാണ്-

"നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം."

"നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുവാൻ നിങ്ങളുടെ ദാസനുമായിരിക്കണം."

ദൈവവുമായുള്ള സമാനത പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് കരിശുമരണം വരിച്ചുവെന്ന് പൗലോസ് അപ്പസ്തോലൻ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ ഉത്ബോധിപ്പിക്കുന്നത് യേശുനാഥന്റെ എളിമയുടെ മനോഭാവമാണ്. നല്ലൊരു വിഭാഗം വിശ്വാസികളും അവരുടെ ചിന്തയും പ്രവർത്തിയും കളങ്കരഹിതമാണെന്ന മിഥ്യാധാരണയിൽ കഴിയുന്നവരാണ്, ക്രിസ്തീയമൂല്യങ്ങൾ ഉൾക്കൊണ്ടുള്ള ഒരു ജീവിതത്തിന് എളിമയെന്ന ദൈവീകദാനം അനിവാര്യമാണ്. ഇഹലോകത്ത് ധാരാളം പേർ നശ്വരമായ ജീവിതത്തിന് സ്വപ്നതുല്യമായ മണിമാളികകൾ നിർമ്മിക്കുന്നു. എന്നാൽ അനശ്വരമായ ജീവിതത്തിന് സ്വർഗ്ഗീയഭവനം പണിതുയർത്തുവാൻ നാം എളിമയുടെയും വിനയത്തിന്റെയും പാതയിലൂടെ ജീവിതം നയിക്കേണ്ടിയിരിക്കുന്നു. ■

അശുദ്ധിയിലേയ്ക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് (1 തെസ 4:7)




## ഉപകാരസ്മരണ



**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും, എനിക്ക് വഴി കാണിച്ചു തരികയും, എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവീകദാനം തരികയും, എന്റെ ജീവിത്തിലെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദിപറയുന്നു. എത്ര വലിയ ഭൗതീക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു. ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ച് പ്രാർത്ഥിക്കുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുമ്പ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പ് നൽകുന്നു.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കുവാൻ വേണ്ടിയാണ്.

**ആനി രാജൻ**

## ഉപകാരസ്മരണ



**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും, എനിക്ക് വഴി കാണിച്ചു തരികയും, എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവീകദാനം തരികയും, എന്റെ ജീവിത്തിലെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദിപറയുന്നു. എത്ര വലിയ ഭൗതീക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു. ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ച് പ്രാർത്ഥിക്കുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുമ്പ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പ് നൽകുന്നു.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കുവാൻ വേണ്ടിയാണ്.

**ആനി രാജൻ**

## ഉപകാരസ്മരണ



**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും, എനിക്ക് വഴി കാണിച്ചു തരികയും, എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവീകദാനം തരികയും, എന്റെ ജീവിത്തിലെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദിപറയുന്നു. എത്ര വലിയ ഭൗതീക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു. ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ച് പ്രാർത്ഥിക്കുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുമ്പ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പ് നൽകുന്നു.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കുവാൻ വേണ്ടിയാണ്.

**ആനി രാജൻ**

കേൾക്കുന്നതിൽ ജാഗ്രതയും മറുപടി പറയുന്നതിൽ അവധാനവും കാട്ടുക (പ്രഭാ 5:11)


സ്നേഹസ്മരണയ്ക്ക്
എടത്തിലകത്ത് മഞ്ഞപ്രക്കാരൻ
കൊച്ചാപ്പു മകൻ
റപ്പായി
ജനനം : 03-07-1948
മരണം : 26-01-2025
എടത്തിലകത്ത് മഞ്ഞപ്രക്കാരൻ
കൊച്ചാപ്പു
മരണം : 02-01-1953
എടത്തിലകത്ത് മഞ്ഞപ്രക്കാരൻ
കൊച്ചാപ്പു ഭാര്യ അന്നം
ജനനം : 12-06-1916 മരണം : 18-10-2001



# സ്നേഹസ്മരണയ്ക്ക്

## 1–ാം ചരമവാർഷികം





## ചാലിശ്ശേരി അന്തോണി മകൻ

# ജോസഫ്

**ജനനം : 01–01–1932** **മരണം : 23–01–2025**

ഞാൻ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ.



# ചാലക്കുടിയിൽ ഒരു പള്ളിയുണ്ട്... ഒരൽത്താരയുണ്ട്...

പോൾ മേച്ചേരി

അമ്മു എന്നാണ് അവളുടെ പേര്. അഞ്ചു വയസ്സുകാരി മിടുക്കി കുട്ടി. ഫോർട്ട് കൊച്ചിയിലാണ് വീട്. പാട്ടു പാടാനും പടം വരയ്ക്കാനും അവൾക്ക് വലിയ ഇഷ്ടമായിരുന്നു.

പെട്ടെന്നൊരു ദിവസമാണ് അമ്മുവിന് വല്ലാത്തൊരു ക്ഷീണം തോന്നിയത്. തലകറങ്ങുന്നു... കണ്ണിന്റെ കാഴ്ച മങ്ങുന്നപോലെ. അവളുടെ കളിചിരികൾ മാഞ്ഞു. മുഖത്തും കാലിലും നീര് വന്നു തുടങ്ങി. ആശുപത്രിയിലെ പരിശോധനകൾക്കൊടുവിൽ ഡോക്ടർ ആ സത്യം തുറന്നുപറഞ്ഞു. രണ്ടു വൃക്കകളും തകരാറിലാണ്. ഓവർഡോസ് മരുന്ന് കഴിച്ചതാണ് കാരണം.

ആ നിമിഷം അവളുടെ അച്ഛന്റെയും അമ്മയുടെയും ഹൃദയം തകർന്നു. ആ കുടുംബം അഗാധമായ സങ്കടക്കടലിൽ ആഴ്ന്നുപോയി. ഡ്രൈവറായ അച്ഛൻ രാവും പകലും ജോലി ചെയ്തു കിട്ടുന്ന പൈസയൊന്നും അവളുടെ ചികിത്സയ്ക്ക് മതിയാകാതെയായി.

ആ ചെറിയ കൈകളിൽ സൂചി കുത്തുമ്പോൾ അവളുടെ മനസ്സ് പിടയും, കണ്ണുകൾ നിറയും. പിന്നീട് ആശുപത്രി അവരുടെ രണ്ടാം വീടായി മാറി. മരുന്നിന്റെ മണമുള്ള ആശുപത്രി മുറിയിൽ യന്ത്രങ്ങൾക്ക് ഒപ്പം അവളും തളർന്നു കിടന്നു.

ആഴ്ചയിൽ മൂന്ന് ദിവസം ഡയാലിസിസ് എന്ന കഠിനമായ അവസ്ഥയിലൂടെ ആ ബാലികയ്ക്ക് കടന്നു പോകേണ്ടതായി വന്നു. ഡയാലിസിസ് ചെയ്യാൻ പണമില്ലാതെ സങ്കടപ്പെട്ടിരിക്കുമ്പോഴാണ് അമ്മുവിന്റെ അമ്മയുടെ കൂട്ടുകാരിയായ ആയിഷ വീട്ടിൽ വന്നത്.

എന്റെ മകനേ നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിക്കൊള്ളുക (പ്രഭാ 2:1)

ആയിഷ അമ്മുവിന്റെ അമ്മയോട് പറഞ്ഞു. 'ചാലക്കുടിയിൽ ഒരു പള്ളിയുണ്ട്. അവിടെ രോഗത്താൽ കഷ്ടപ്പെടുന്നവരോട് കരുണയുള്ള കുറെ മനുഷ്യരുണ്ട്. എന്റെ ഇക്കക്ക് ഡയാലിസിസ് കിറ്റ് കിട്ടുന്നത് ചാലക്കുടി പള്ളിയിൽ നിന്നാണ്. നീയും അവിടേക്ക് ചെല്ലൂ, അവർ സഹായിക്കും'.

അമ്മുവിന് അത് വലിയ സഹായമായി. ജീവിതത്തിൽ വലിയ പ്രതീക്ഷ കൈവന്നു.

ഒരു ദിവസം ഡയാലിസിസ് കഴിഞ്ഞ് ക്ഷീണിച്ചു കിടക്കുമ്പോൾ, കരയുന്ന അമ്മയുടെ കൈ പിടിച്ച് അവൾ പറഞ്ഞു. 'അമ്മ എന്തിനാ കരയുന്നെ. എനിക്ക് ഇപ്പോൾ വേദന കുറവുണ്ട്. പരിശുദ്ധ അമ്മ എന്നെ സുഖപ്പെടുത്തും. അമ്മ കരയേണ്ട' എന്ന്. അവൾ അമ്മയെ ആശ്വസിപ്പിച്ചു.

ആശുപത്രി കിടക്കയിൽ കിടന്നുകൊണ്ട് നേഴ്സ്മാരോടും ഡോക്ടർമാരോടും തന്റെ അസുഖം മാറുമെന്നും വീണ്ടും പാട്ടുപാടാനും പടം വരയ്ക്കാനും പോകുമെന്നും അവൾ പറഞ്ഞുകൊണ്ടിരുന്നു.

ഇന്ന് അമ്മു കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കായി കാത്തിരിക്കുകയാണ്. അവൾ തളർന്നിട്ടില്ല. വലിയ പ്രതീക്ഷയിലാണ്. അവളുടെ ചിരിയാണ് ആ കുടുംബത്തിന്റെ പ്രത്യാശ. ഏതു പ്രതിസന്ധിയിലും പ്രാർത്ഥനയോടെ പ്രതീക്ഷയോടെ മനസ്സ് തളരാതിരുന്നാൽ അതിജീവനം കൈവരിക്കാം.

അമ്മുവിനെപ്പോലുള്ള കുഞ്ഞുങ്ങൾ ദൈവത്തിന്റെ അത്ഭുതങ്ങളാണ്. ദൈവത്തോട് പ്രാർത്ഥിച്ചാൽ മനുഷ്യത്വമുള്ള മനുഷ്യരിലൂടെ ദൈവം സഹായഹസ്തങ്ങൾ നീട്ടി താങ്ങി നിർത്തും. കരുണയുള്ള നല്ല മനുഷ്യർ... ദൈവത്തിന്റെ മാലാഖമാർ തന്നെ... ■



നമ്മുടെ ഇടവകയിൽ നിന്നും നഗരസഭ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് നൽകിയ സ്വീകരണം.





# കർത്താവിന് പ്രസാദകരമായവ!

ബിനു ഡേവിസ് മല്പാൻ, യൂണിറ്റ് 53

ധ്യാനം കൂടി മാനസാന്തരപ്പെട്ടെങ്കിലും ഒരു സ്വഭാവം മാത്രം മാറിയില്ല: തമാശപറയുന്ന സ്വഭാവം! അതെനിക്കു വളരെയധികം വിഷമമുണ്ടാക്കി. ഒത്തിരി പ്രാർത്ഥിക്കാനുള്ള കൃപ ദൈവം എനിക്ക് തന്നെങ്കിലും ഓഫീസിൽ പോയാൽ ഒഴിവു കിട്ടുമ്പോൾ എന്തെങ്കിലും തമാശപറയും. മറ്റുള്ളവർ അത് കേട്ട് ചിരിക്കുമ്പോഴും എന്റെയുള്ളിൽ വിഷമമാണ്. കാരണം ഒരു ദൈവവചനം എപ്പോഴും എന്റെ മുമ്പിൽ ഒരു വെല്ലുവിളിയായി ഉയർന്നു നിന്നു! വിലകെട്ടവ പറയാതെ സദ്‌വചനങ്ങൾ മാത്രം സംസാരിച്ചാൽ നീ എന്റെ നാവുപോലെയാകും! (ജറമിയ 15:19). അതുകൊണ്ട് തമാശ പറയുമ്പോഴും മറ്റുള്ളവർ കേട്ട് ചിരിക്കുമ്പോഴും കോബ്ലിമെന്റുകൾ പറയുമ്പോഴും എനിക്ക് വിഷമമാണ്.

അങ്ങനെയിരിക്കെ ഈ സ്വഭാവത്തിൽ നിന്നും വിടുതൽ നേടുന്നതിനായി അച്ചനോട് പോയി കുമ്പസാരിച്ചു. അച്ചൻ ചോദിച്ചു; 'ആട്ടെ, ഈ തമാശകൾ വീട്ടിൽ പറയാവുന്നതാണോ? അതെ അച്ചോ നല്ല തമാശകളാണ്!' ഞാൻ പറഞ്ഞു. 'എങ്കിൽ ധൈര്യമായി പരഞ്ഞോളു;' അച്ചൻ ആശ്വസിപ്പിച്ചു. എങ്കിലും ഉള്ളിലൊരു വിഷമം! തമാശകൾ പറയുമ്പോൾ ഉള്ളിലെ പരിശുദ്ധാത്മാവിന്റെ അഭിഷേകം കുറയുന്നതായി അനുഭവപ്പെട്ടു.

ജോലിചെയ്യുന്ന ഓഫീസിലാണ് കൂടുതലായി തമാശ പറയുന്നത്. ഇതൊഴിവാക്കാനായി പാന്റിന്റെ അരപ്പട്ടയിൽ മൊട്ടുസൂചികൾ കുത്തിവച്ചു പോകാൻ തുടങ്ങി. അങ്ങോട്ടുമിങ്ങോട്ടും തിരിയുമ്പോൾ മൊട്ടുസൂചികൾ കൊള്ളുന്ന വേദന നിമിത്തം തമാശ പറയുന്നത് കുറയുമെന്ന് വിചാരിച്ചു. ഒരു മാറ്റവും ഉണ്ടായില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം തൃശൂർ ഓഫീസിലേക്ക് പോകുന്ന സമയത്ത് അവിടത്തെ ഒരു ക്രൈസ്തവ വിദ്യാലയത്തിന്റെ മതിലിൽ എഴുതിവച്ചിരിക്കുന്ന ഒരു വചനം എന്നെ പ്രത്യേകം സ്പർശിച്ചു. "കർത്താവിന് പ്രസാദകരമായവ എന്തെന്ന് വിവേചിച്ചറിയുവിൻ" (എഫേ. 5:10) ഇതായിരുന്നു ആ വചനം. ഇത് എന്റെ ജീവിതത്തിൽ വലിയ വ്യത്യാസം വരുത്തി. പിന്നീട് എന്ത് പ്രവൃത്തി ചെയ്യുമ്പോഴും അത് കർത്താവിന് പ്രീതികരമാണോ എന്ന് ഞാൻ സ്വയം പരിശോധിക്കാൻ തുടങ്ങി;

ദൈവത്തിന്റെ വലിയ അനുഗ്രഹം! തമാശ പറയുന്ന സ്വഭാവം ഒരുപാട് മാറിപ്പോയി!

ഹല്ലേലൂയ!

■

നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തനാകുന്നു (1 കൊറി 1:9)

## ഇടവകയിലെ നവവൈദികർക്ക് അനുമോദനം





2026 ജനുവരി 4-ാം തിയ്യതിയിലെ കുടുംബസമ്മേളന കേന്ദ്രസമിതി ജനറൽബോഡി യോഗത്തിൽ ഇടവകയിലെ നവവൈദികരെ അനുമോദിച്ചു.




◗ പെറുവിലെ ചിക്ലായോയിൽ ലിയോ പതിനാലാമൻ മാർപാപ്പയുടെ വലിയ ഒരു പ്രതിമ സ്ഥാപിച്ചു. 2014 മുതൽ 2023 വരെ മാർപാപ്പ ഇവിടെ മെത്രാനായി സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹം പാപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതോടെ പെറുവിൽ ഈ നഗരവും പ്രസിദ്ധമായി. തീർത്ഥാടകരും ഇവിടേക്കു വരുന്നുണ്ട്. 16 അടി ഉയരമുള്ള പ്രതിമ 6 അടി ഉയരമുള്ള പീഠത്തിന്മേലാണ് സ്ഥാപിച്ചിരിക്കുന്നത്. ഫൈബർഗ്ലാസ്സും, അനുബന്ധ വസ്തുക്കളും ഉപയോഗിച്ച് മൂന്നുമാസം കൊണ്ടാണ് പ്രതിമനിർമ്മാണം പൂർത്തിയാക്കിയത്. സ്നേഹം, പ്രത്യാശ,. ഐക്യം എന്നിവ സംബന്ധിച്ച പരിശുദ്ധ പിതാവിന്റെ സന്ദേശത്തോടുള്ള നഗരത്തിന്റെ പ്രതികരണമാണ് ഈ പ്രതിമാസ്ഥാപനത്തിലൂടെ പ്രകടമാകുന്നതെന്ന് പെറു ഭരണകൂടത്തിന്റെ ടൂറിസം വകുപ്പിന്റെ മേഖലാ മാനേജർ അറിയിച്ചു. പ്രതിമയുടെ അനാച്ഛാദനത്തിന് പെറു ടൂറിസം വകുപ്പും, ചിക്ലായോ പ്രാദേശിക സർക്കാരും നേതൃത്വം നൽകി.

◗ ബെലാറസിൽ രാജ്യദ്രോഹകുറ്റം ആരോപിച്ച് തടവിൽ അടച്ചിരുന്ന രണ്ട് കത്തോലിക്കാ വൈദീകരെ മോചിപ്പിച്ചു. രാഷ്ട്രനേതാക്കൾ വത്തിക്കാനുമായി നടത്തിയ സംഭാഷണത്തെ തുടർന്നാണ് രണ്ട് വൈദീകരുടെ ജയിൽ മോചനം സാധ്യമായത്. ഫാ.ഹെന്റിക് അകലോടോവിച്ച്, ഫാ.ആൻദ്രേ യുക്നെവിച്ച് എന്നിവരാണ് മോചിപ്പിക്കപ്പെട്ടത്. കത്തോ ലിക്കസഭ പ്രഖ്യാപിച്ചിരുന്ന ജൂബിലി വർഷത്തിന്റെ ഭാഗമായി കരുണയുടെ സന്ദേശം ഉൾകൊണ്ടാണ് രാജ്യത്തിന്റെ പ്രസിഡന്റ് ഇവർക്ക് മാപ്പ് നൽകുന്നതെന്ന് സർക്കാർ പത്രക്കുറിപ്പിൽ അറിയിച്ചു. മോചനം സാധ്യമാക്കിയവർക്ക് ബെലാറസിലെ കത്തോലിക്കാ മെത്രാൻ സംഘം നന്ദിപറഞ്ഞു. 2024ലാണ് ഈ വൈദീകർക്ക് 11 ഉം 13 ഉം വർഷത്തെ തടവുകൾക്ക് വിധിക്കപ്പെട്ടു ജയിലിൽ അടക്കപ്പെട്ടത്.

*തയ്യാറാക്കിയത് :* **സബ് എഡിറ്റർ** ■

എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും (ഏശ 49:6)

# സ്നേഹസ്മരണയ്ക്ക്

## 1-ാം ചരമവാർഷികം (14.01.2026)



## മൽപ്പാൻ ലോനപ്പൻ ഭാര്യ

# സാറ

**ജനനം : 31 – 10 – 1939**  **മരണം : 14 – 01 – 2025**

നശ്വരമായത് അനശ്വരവും,
മർത്ത്യമായത് അമർത്ത്യവും ആകേണ്ടിയിരിക്കുന്നു.
(1 കൊറിന്ത്യ 15:53)

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നേയും ഓർക്കണമേ...


സ്നേഹസ്മരണയ്ക്ക്
1-ാം ചരമവാർഷികം
ചിറയത്ത് മുണ്ടൻമാണി വറീത്
ജോസ്
ജനനം : 16.05.1948
മരണം : 05.01.2025
"നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും
ഓർക്കണമെ."


സ്നേഹസ്മരണയ്ക്ക്
45-ാം ചരമവാർഷികം
21-01-2026
ചീയേടത്ത് ജോസഫ്
ജോർജ്ജ്
ജനനം: 04 – 11 – 1934
മരണം: 21 – 01 – 1981
"ദയാപരനായ കർത്താവേ...
അനുഗ്രഹീതരായ വിശുദ്ധരോടൊപ്പം അങ്ങയെ മഹത്വപ്പെടുത്തുവാൻ
ഈ ദാസനും കൃപയുണ്ടാകേണമേ."

# ചാലക്കുടി മാതാവിൻ പുണ്യാലയം



റാഫി മാളക്കാരൻ
യൂണിറ്റ് – 8

പരിശുദ്ധ മാതാവിൻ... തിരുസന്നിധേ
വരുന്നു ഞാനമ്മേ... ആശ്രയമേ
ദൈവ സുതനേ... ഞങ്ങൾക്കേകിയ
കരുണയാം മാതേ... കനിവേകണേ

ചാലക്കുടി മാതാവിൻ... തീർത്ഥാലയം
വരമഴ പൊഴിയും... പുണ്യാലയം
ശാന്തി തേടുന്നു... ഞാനെന്റെ അമ്മേ
മരിയ സ്തുതി തൻ... ഗീതങ്ങളാൽ

കാൽവരി കുന്നിൻ... കുരിശിൻ ചാരേ
കാണുന്നിതമ്മേ... സഹനങ്ങളെ
മാപ്പേകീടണേ... വ്യാകുലമാതാവേ
അപരാധങ്ങൾ... പൊറുത്തീടണേ.
(ചാലക്കുടി മാതാവിൻ... തീർത്ഥാലയം...)

ഈശോയ്ക്ക് നൽകാൻ... എന്റെ നിയോഗങ്ങൾ
അർത്ഥിച്ചിടുന്നേ... പ്രാർത്ഥനകൾ
അമ്മേ മരിയേ... സ്വർഗ്ഗീയ നാഥേ
വാഴ്ത്തുന്നു അമ്മേ... സ്തുതിച്ചീടണേ
(ചാലക്കുടി മാതാവിൻ... തീർത്ഥാലയം...)



## പുഞ്ചിരികൾ

| ജനനം | | മാമ്മോദീസ |
|---|---|---|
| 19/12/24 | ചിറമേൽ വടക്കൻ ക്രിസ്റ്റി രാജൻ – എൽസ് മേരി മകൻ റെയ്ഡൻ | 07/12/25 |



## സ്വർഗ്ഗീയദീപങ്ങൾ

| | മരണം |
|---|---|
| പുതുശ്ശേരി കാട്ടാളൻ ചാക്കോ **റോസി** (യൂണിറ്റ് 63) | 04/12/2025 |
| തൃക്കൂക്കാരൻ മാഞ്ഞൂരാൻ മാത്യു **ജോൺ** (യൂണിറ്റ് 18) | 10/12/2025 |
| മാളക്കാരൻ അന്തോണി **സെബാസ്റ്റ്യൻ** (യൂണിറ്റ് 12) | 15/12/2025 |
| മേച്ചേരി ദേവസിക്കുട്ടി **അന്നം** (യൂണിറ്റ് 33) | 22/12/2025 |
| പുതുശ്ശേരി കാട്ടാളൻ ഔസേപ്പ് **റോസി** (യൂണിറ്റ് 63) | 29/12/2025 |

പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്. (മത്താ. 7:21)




## ജനുവരി മാസത്തെ വചന വിചിന്തനം

## മത്തായി 13 : 1 – 9

മത്തായി 13:1–9–ലെ വിതക്കാരന്റെ ഉപമ ദൈവവചനത്തെ വിത്തായും മനുഷ്യഹൃദയങ്ങളെ നാലുതരം നിലമായും ചിത്രീകരിക്കുന്നു. ഈ ഉപമയിലൂടെ യേശു വചനത്തോടുള്ള വ്യത്യസ്ത പ്രതികരണങ്ങൾ വിശദീകരിക്കുന്നു.

1. വഴിയരികിൽ വീണ വിത്ത് പ്രാർത്ഥനയിലോ ദൈവിക വ്യാപാരങ്ങളിലോ താല്പര്യമില്ലാത്തവരുടെ ഹൃദയമാണ് ഇത് പ്രതിനിധീകരിക്കുന്നത്. ലോക പ്രലോഭനങ്ങൾക്കിടയിൽ വചനം പിശാച് കവർന്നെടുക്കുന്നു.
2. പാറമേലെ വീണ വിത്ത് ആവേശത്തോടെ വചനം സ്വീകരിക്കുന്നെങ്കിലും വെല്ലുവിളികളിലും പീഡനങ്ങളിലും വീണുപോകുന്നവരുടെ അവസ്ഥയാണിത്. ആഴമായ വേരില്ലാത്ത താൽക്കാലിക വിശ്വാസമാണിത്.
3. മുള്ളുകൾക്കിടയിൽ വീണ വിത്ത് ഭൗതിക സമ്പത്ത്, ആകുലതകൾ, സുഖഭോഗങ്ങൾ എന്നിവയാൽ വചനം ഞെരുക്കപ്പെടുന്ന ഹൃദയമാണിത്. ദൈവരാജ്യത്തേക്കാൾ ലോകകാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നവരെ സൂചിപ്പിക്കുന്നു.
4. നല്ല നിലത്ത് വീണ വിത്ത് വചനം കേൾക്കുകയും സൂക്ഷിക്കുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്ന ഉല്കൃഷ്ട വിശ്വാസികളുടെ ഹൃദയമാണിത്. നൂറുമടങ്ങ് വിളവ് നൽകുന്ന ക്രിസ്തീയ ജീവിതത്തിന്റെ പ്രതീകമാണ്.

**ഫെബ്രുവരി മാസത്തെ വചനം : 13 : 10 – 17**

## ഞായറാഴ്ചകൾക്ക് പുറമെ കടമുള്ള ദിവസങ്ങൾ

| | | |
|---|---|---|
| **ഡിസംബർ 25** | **–** | **ക്രിസ്തുമസ്** |
| **ജനുവരി** | **–** | **ദനഹാ തിരുനാൾ** |
| **ജൂൺ 29** | **–** | **പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ** |
| **ജൂലൈ 3** | **–** | **ദുക്റാന തിരുനാൾ** |
| **ആഗസ്റ്റ് 15** | **–** | **മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ** |

**നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ**

പാരിഷ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പരസ്യങ്ങളും, ലേഖനങ്ങളും, കുടുംബസമ്മേളനം നടക്കുന്ന ഭവനങ്ങളുടെ പേരുകളും അതാത് മാസങ്ങളിൽ 15–ാം തിയ്യതിക്കുള്ളിൽ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.
**പരസ്യങ്ങൾ 15–ാം തിയ്യതിക്കുള്ളിൽ പള്ളി ഓഫീസിൽ നൽകേണ്ടതാണ്.**
**20–ാം തിയ്യതി**ക്കുശേഷം ലഭിക്കുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിക്കാനുള്ള പേജുകളുടെ ലഭ്യതയനുസരിച്ചേ പരിഗണിക്കുകയുള്ളു.

പത്രാധിപസമിതി

കേൾക്കുന്നതിൽ ജാഗ്രതയും മറുപടി പറയുന്നതിൽ അവധാനവും കാട്ടുക (പ്രഭാ 5:11)

# നിറം കൊടുക്കൂ... സമ്മാനം നേടൂ...



പേര്:........................................................................................................ വയസ്സ്:...................

യൂണിറ്റ്:........................................................... മതബോധന ക്ലാസ്:............... ഡിവിഷൻ:............

മേൽവിലാസം: .............................................................. ഫോൺ:.......................................

പാപിയുടെ പതനത്തിന് കാരണം അവന്റെ ചുണ്ടുകളാണ് (പ്രഭാ 23:8) കമ്പം

# അനുദിന വിശുദ്ധർ - ജനുവരി



ദൈവമാതാവായ പരി ശുദ്ധ കന്യകാമറിയം



വേദപാരംഗതരായ വി. ബേസിലും വി.ഗ്രിഗറിയും



വിശുദ്ധ ചാവറയച്ചൻ



വിശുദ്ധ എലിസബത്ത് ആൻസേറ്റൺ



വിശുദ്ധ ജോൺ ന്യൂമാൻ



എപ്പിഫനി അഥവാ ദെനഹാ



പെനാഫോർട്ടിലെ വിശുദ്ധ റെയ്മണ്ട്



വിശുദ്ധ അപ്പോളിനാരിസ്



വിശുദ്ധരായ ജൂലിയനും ബസിലിസ്സായും



വിശുദ്ധ വില്യം ബെറൂയർ



വിശുദ്ധ തിയോഡോസിയൂസ്



വിശുദ്ധ ബെനഡിക്ട് ബിസൂപ്പ്



പോയിറ്റിയേഴ്സിലെ വിശുദ്ധ ഹിലരി



വിശുദ്ധ ദേവസഹായം പിള്ള



ആദ്യ ക്രിസ്ത്യൻ സന്യാസി വി.പൗലോസ്



വിശുദ്ധ ഹോണോറാറ്റസ്



വിശുദ്ധ അന്തോണീസ്



വിശുദ്ധ പ്രിസ്കാ



വിശുദ്ധ മാരിയൂസും കുടുംബവും



വിശുദ്ധ ഫാബിയാൻ പാപ്പ



വിശുദ്ധ ആഗ്നസ്



രക്തസാക്ഷിയായ വിശുദ്ധ വിൻസെന്റ്



വിശുദ്ധ ഇദേഫോൺസസ്



വിശുദ്ധ ഫ്രാൻസിസ് ഡി സാലെസ്



വിശുദ്ധ പൗലോസിന്റെ മാനസാന്തരം



വിശുദ്ധ തിമോത്തിയോസും തീത്തൂസും



വിശുദ്ധ ആൻജെലാ മെരീസി



വിശുദ്ധ തോമസ് അക്വിനാസ്



വി.ജെലാസി യൂസ് രണ്ടാമൻ മാർപാപ്പ



വിശുദ്ധ ഹയസിന്താ മാരിസോട്ടി



വിശുദ്ധ ജോൺ ബോസ്കോ

കർത്താവിനെ ഭയപ്പെടുന്നവനാരോ അവൻ തിരഞ്ഞെടുക്കേണ്ടവഴി അവിടുന്ന് കാണിച്ചുകൊടുക്കും. (സങ്കീ. 25:12)

# സ്നേഹസ്മരണയ്ക്ക്
## 1–ാം ചരമവാർഷികം



# ഊക്കൻ ലോനപ്പൻ
# ചെറിയാൻ

ജനനം : 03-04-1926 മരണം : 09-01-2025

**ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു.**
**മരണശേഷവും നിങ്ങളുടെ പ്രാർത്ഥനയിൽ എന്നേയും സ്മരിക്കേണമെ**

പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ...

# In loving Memory of



## Ouseph

S/o. Antony
Mekkattukulam Kallingal
Chalakudy
Born : 04-09-1914
Died : 02-10-1988



## Mariam

W/o. Ouseph
Mekkattukulam Kallingal
Chalakudy
Born : 24-10-1920
Died : 24-07-2011





## Sr. Milburga CMC

D/o. Joseph Kallingal
Birth : 19-01-1940 First Profession 20-05-1962
Called to Heaven 17-12-2024



## Wilson K.J

S/o. Joseph Kallingal, Chalakudy
Born : 05-03-1958
Died : 08-01-2025

*"Please remember us in your prayers, till we meet again in Eternal life."*

‘ഞങ്ങൾ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും ഞങ്ങളുടെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളേയും സ്മരിക്കേണമെ’

# ചാലക്കുടിയിൽ ക്രിസ്തുജയന്തി മഹാജൂബിലി മെഗാ ക്രിസ്മസ് കരോൾ ഘോഷയാത്ര വിസ്മയമായി



ക്രിസ്തു ജയന്തി 2025 മഹാജൂബിലി മെഗാ ക്രിസ്മസ് കരോൾ ചാലക്കുടിയിൽ
ബെന്നി ബെഹന്നാൻ എം പി ഫ്ളാഗ് ഓഫ് ചെയ്യുന്നു.

നഗരവീഥികളെ ആനന്ദസാഗരമാക്കി മെഗാ ക്രിസ്മസ് കരോൾ ഘോഷയാത്ര. നൂറുകണക്കിന് ക്രിസ്മസ് പാപ്പമാരും മാലാഖവൃന്ദങ്ങളും കരോൾ ഗാനത്തിനൊപ്പം നൃത്തമാടി ഘോഷയാത്ര വിസ്മയമായി. ക്രിസ്തു ജയന്തി 2025 മഹാജൂബിലി ചാലക്കുടി മേഖല മെഗാ ക്രിസ്മസ് കരോൾ ഘോഷയാത്രയാണ് നഗരത്തിൽ ക്രിസ്മസ് രാവുകളായി മാറ്റിയത്.

നോർത്ത് ബസ് സ്റ്റാൻഡിൽ നിന്ന് ആരംഭിച്ച ഘോഷയാത്ര ബെന്നി ബെഹന്നാൻ എംപി ഫ്ളാഗ് ഓഫ് ചെയ്തു. ചാലക്കുടി ഫൊറോന വികാരി ഫാ. വർഗ്ഗീസ് പാത്താടൻ, കുറ്റിക്കാട് ഫൊറോന വികാരി ഫാ. ലിജു പോൾ പറമ്പത്ത്, കൊടകര ഫൊറോന വികാരി ഫാ. ജെയ്സൻ കരിപ്പായി എന്നിവർ ചേർന്ന് പതാക കൈമാറി. സനീഷ്കുമാർ ജോസഫ് എംഎൽഎ, നഗരസഭ ചെയർപേഴ്സൻ ആലീസ് ഷിബു എന്നിവർ പ്രസംഗിച്ചു. തുടർന്ന് കുറ്റിക്കാട്, ചാലക്കുടി, കൊടകര ഫൊറോനകളിലെ 50 പള്ളികളിൽ നിന്നും വിവിധ വേഷങ്ങൾ ധരിച്ച വൻ ജനാവലി കരോൾ ഘോഷയാത്രയിൽ അണിനിരന്നു.

നിശ്ചല ദൃശ്യങ്ങളും മാർഗ്ഗം കളിയും ക്രിസ്മസ് വേഷം ധരിച്ച യുവജനങ്ങളുടെ ഡാൻസും കരോളിന് ഹരം പകർന്നു. പരമ്പരാഗത ക്രിസ്ത്യൻ വേഷമായ ചട്ടയും മുണ്ടും ധരിച്ച അമ്മമാരും കരോളിനെ ആകർഷകമാക്കി. ഒട്ടകപ്പുറത്ത് സഞ്ചരിക്കുന്ന പൂജ്യരാജാക്കന്മാർ ആകർഷകമായി. കൂടാതെ നിരവധി നിശ്ചല ദൃശ്യങ്ങളും ജനശ്രദ്ധ ആകർഷിച്ചു. നിരവധി സന്യസ്തരും കരോളിൽ അണിനിരന്നു.

കരോൾ ഘോഷയാത്ര സെന്റ് മേരീസ് പള്ളിയങ്കണത്തിൽ സമാപിച്ചു. തുടർന്ന് നൃത്തകലാരൂപം അവതരിപ്പിച്ചു. ഫാ. വിത്സൻ എലുവത്തിങ്കൽ കൂനൻ, ജോഷി പുത്തിരിക്കൽ, വിവിധ പള്ളികളിലെ വൈദികരും നേതൃത്വം നൽകി.



അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവരുടെ മേൽ അവിടുന്നു കരുണയും അനുഗ്രഹവും വർഷിക്കും (ജ്ഞാനം 3:9)

## സി.എൽ.സി. വാർത്തകൾ




ചാലക്കുടി സിഎൽസി യുടെ നേതൃത്വത്തിൽ കിൻഡർഗാർട്ടൻ സ്റ്റുഡൻസിനായി കിഡ്ഡി ഫെസ്റ്റ് സംഘടിപ്പിച്ചു.

## മരിയൻ ക്വിസ്










ചാലക്കുടി സിഎൽസിയുടെ നേതൃത്വത്തിൽ നടത്തിയ മരിയൻ ക്വിസിന് യൂണിറ്റ് 54 ലെ ബിന്നി അബ്രാഹവും ആൻ മരിയ അബ്രാഹവും ഒന്നാംസ്ഥാനവും, യൂണിറ്റ് 22 ലെ സജി പോളും ഡില്ലി റഫേലും രണ്ടാം സ്ഥാനവും, യൂണിറ്റ് 44 ലെ ട്രീസ തോമസും റോസ് മോൾ രാജുവും മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

അന്വേഷിച്ചറിയാതെ കുറ്റം ആരോപിക്കരുത്. (പ്രഭാ. 11:7)

## നാനോ പുൽക്കൂട് മത്സരം




സ്നേഹദീപം പാരിഷ് ബുള്ളറ്റിന്റെ നേതൃത്വത്തിൽ ഇടവക അംഗങ്ങൾക്കായി നാനോ പുൽക്കൂട് മത്സരം നടത്തി, 12 പുൽക്കൂടുകൾ മത്സരത്തിൽ പങ്കെടുത്തു.

ഒന്നാം സമ്മാനം : രനക് റിനിൽ, യൂണിറ്റ് 30
രണ്ടാം സമ്മാനം : ഫിലു ഡാനി, യൂണിറ്റ് 17
മൂന്നാം സമ്മാനം : ലിയ രെഞ്ചു, യൂണിറ്റ് 47

## വിശേഷ ദിനങ്ങൾ

3 വി. ചാവറ കുര്യാക്കോസ് ഏലിയാസ്
4 ലോക ക്യാൻസർ ദിനം
11 ലൂർദ് മാതാവിന്റെ തിരുനാൾ
14 വി. ദേവസഹായം പിള്ള
20 വി. സെബസ്ത്യാനോസ്
21 വി. ആഗ്നസ്
24 വി. ഫ്രാൻസിസ് സാലസ്
26 റിപ്പബ്ലിക് ദിനം
28 വി തോമസ് അകിനാസ്
30 ലോക സമാധാന ദിനം
31 വി. ജോൺ ബോസ്കോ



ഡിസംബറിൽ വിവാഹം വാർഷികം ആഘോഷിച്ച ദമ്പതികൾ

മകനേ പാപികളുടെ പ്രലോഭനത്തിന് വഴങ്ങരുത്. (സുഭാ 1:8)

## കുടുംബകൂട്ടായ്മകൾ ജനുവരി മാസം

| | യൂണിറ്റ് നമ്പർ | സമയം | പേര് | കുടുംബകൂട്ടായ്മ നടക്കുന്ന ഭവനം |
|---|---|---|---|---|
| ഒന്നാം ഞായർ | 01 | 3.00 | ഇൻഫന്റ് ജീസസ്സ് | ചിറയത്ത് തുക്കുപറമ്പിൽ ആന്റണി സാബു |
| | 02 | 3.30 | സെ. ജോൺ | ആലപ്പാട്ട് ഡേവിസ് |
| | 03 | 4.00 | സെ. പാദ്രേ പിയോ | ജോബ് കാട്ടുപമ്പൻ |
| | 04 | 4.30 | സെ. ആൻഡ്രൂസ് | സ്കറിയാച്ചൻ സി.ഡി. ചിറമേൽ |
| | 05 | 5.00 | ഹോളി ട്രിനിറ്റി | ഡേവിസ് ആളൂക്കാരൻ |
| | 06 | 5.00 | വി. മറിയം ത്രേസ്യ | പൈനാടത്ത് ഡേവിസ് |
| | 07 | 4.30 | സെ. ഡൊമിനിക് സാവിയോ | കീറ്റിക്കൽ ആന്റണി ജോസ് |
| | 08 | 4.00 | സെ. ഡോൺബോസ്കോ | കലാശ്ശേരി ജേക്കബ് ഫിലിപ്പ് |
| | 09 | 3.30 | സേക്രട്ട് ഹാർട്ട് | ആലപ്പാട്ട് പൗലോസ് ജോസ് |
| | 10 | 3.00 | സെ. സ്റ്റീഫൻ | |
| | 11 | 3.00 | ഡോളേഴ്സ് | നെല്ലിപ്പുള്ളി ജോണി |
| | 12 | 3.30 | അസംപ്ഷൻ | മഞ്ഞപ്രക്കാരൻ റപ്പായി ആന്റോ |
| | 13 | 4.00 | മേരി ഇമ്മാക്കുലേറ്റ് | തോട്ടാൻ തെരേസ ആന്റോ |
| | 14 | 4.30 | സെ. ജൂഡ് | പോൾ വെളിയത്ത് |
| | 15 | 5.00 | മഡോണ | പള്ളിപ്പാട്ട് കിഴക്കുംതല ലോനപ്പൻ മേരി ജോസ് |
| രണ്ടാം ഞായർ | 16 | 3.00 | ലിറ്റിൽ ഫ്ളവർ | തെക്കേത്തല വിൻസെന്റ് ജോമോൻ |
| | 17 | 3.30 | ഹോളി എയ്ഞ്ചൽ | കിഴക്കുംതല സാജു |
| | 18 | 4.00 | സെ. സേവ്യർ | ചിറയത്ത് മുണ്ടന്മാണി ജേക്കബ് റോസി |
| | 19 | 3.00 | സെ. ജോൺപോൾ രണ്ടാമൻ | മണപ്പുറം ജോർജ്ജ് |
| | 20 | 3.30 | സെ. ജെയിംസ് | തെക്കേക്കര പത്രോസ് സേവിയർ |
| | 21 | 4.00 | സെ. ജോൺ മരിയ വിയാനി | കാഞ്ഞിരത്തിങ്കൽ ദാവീദ് ജോസ് |
| | 22 | 4.30 | സെ. തെരേസ | ആലേങ്ങാടൻ കുഞ്ഞുവറീത് ത്രേസ്യാമ്മ |
| | 23 | 5.00 | സെ. വിൻസെന്റ് ഡീ പോൾ | ചെങ്ങിനിമറ്റം സെബാസ്റ്റ്യൻ |
| | 24 | 5.00 | സെ. പീറ്റർ | ഡേവിസ് തലക്കോട്ടുകര |
| | 25 | 3.00 | സെ. മാർട്ടിൻ | നാഴിയമ്പാറ തോമസ് ജോബി |
| | 26 | 4.30 | സെ. മാർക്ക് | മേനാച്ചേരി വർഗ്ഗീസ് മാർത്ത |
| | 27 | 3.30 | സെ. സെബാസ്റ്റ്യൻ | |
| | 28 | 4.00 | സെ. തോമസ് | മുണ്ടന്മാണി സെബാസ്റ്റ്യൻ |
| | 29 | 4.30 | സെ. അൽഫോൻസ | മറ്റത്തി റപ്പായി ജോണി |
| | 30 | 5.00 | സെ. പോൾ | എടത്താടൻ ജോസഫ് |
| മൂന്നാം ഞായർ | 31 | 3.00 | ഹോളി ക്രോസ് | ജോൺ വടക്കുംപാടൻ |
| | 32 | 3.30 | സെ. ജോസഫ് | മാനുവൽ കഞ്ഞാംപുറത്ത് |
| | 33 | 4.00 | സെ. ലൂക്ക് | മാളിയേക്കൽ വർഗ്ഗീസ് |
| | 34 | 4.30 | സെ. മാത്യു | പെല്ലിശ്ശേരി ഔസേപ്പ് ഫ്രാൻസിസ് |
| | 35 | 3.30 | സെ. ബനഡിക്ട് | പാനികളും പ്രിൻസ് |
| | 36 | 4.00 | സെ. ക്ലയർ | പുതുശ്ശേരി കാട്ടാളൻ കുഞ്ഞിപൈലൻ തോമസ് |
| | 37 | 4.30 | സെ. കാതറിൻ | എലുവത്തിങ്കൽ ഡേവിസ് അരുൺ |
| | 38 | 5.00 | സെ. ആഗ്നസ് | |
| | 39 | 3.30 | സെ. ആൻസ് | കൊട്ടയ്ക്ക ഔസേപ്പ് ബിജു |
| | 40 | 3.00 | സെ. തോമസ് മൂർ | വളവി ദേവസി ജോർജ്ജ് |
| | 41 | 3.00 | സെ. ബർക്കുമെന്റ്സ് | പനേക്കാടൻ പോൾ |
| | 42 | 3.30 | സെ. ബർണാർഡ് | ആച്ചാണ്ടി കുഞ്ഞുവറീത് ജോസഫ് |
| | 43 | 4.00 | സെ. ആന്റണീസ് | മണ്ടകത്ത് ജേക്കബ് ജെയിംസ് |
| | 44 | 6.00 | സെ. അഫ്രേം | |
| | 45 | 5.00 | ഗുഡ് ഷെപ്പേർഡ് | പാലമറ്റം ദേവസ്സി വത്സ |
| നാലാം ഞായർ | 46 | 3.00 | സെ. മേരീസ് | വാലപ്പൻ കുര്യൻ ജോസ് |
| | 47 | 3.30 | സെ. ഫ്രാൻസിസ് അസീസ്സി | നായത്തോടൻ അന്തോണി ജോർജ്ജ് |
| | 48 | 4.00 | ഫാത്തിമ മാതാ | പുല്ലോക്കാരൻ അന്റണി മേരി |
| | 49 | 3.00 | ഹോളി ഫാമിലി | അനീഷ് പൈനാടത്ത് |
| | 50 | 3.30 | സെ. കുര്യാക്കോസ് ഏലിയാസ് | ചെതലൻ റപ്പായ് തോമസ് |
| | 51 | 4.00 | സെ. മൈക്കിൾ | താടിക്കാരൻ ആന്റണി ജേക്കബ് |
| | 52 | 4.30 | സെ. അഗസ്റ്റിൻ | ഷാജു എടാട്ടുകുറ്റിയിൽ |
| | 53 | 5.00 | സെ റാഫേൽ | |
| | 54 | 5.00 | സെ. ബേസിൽ | ജേക്കബ് ചൊവ്വരക്കാരൻ |
| | 55 | 3.00 | സെ. ഏവുപ്രാസ്യ | പാലമറ്റം ദേവസ്സി ഷാജി ജോർജ്ജ് |
| | 56 | 3.30 | സെ. ലൂയിസ് | മേരി ജോർജ്ജ് അറക്കൽ |
| | 57 | 4.00 | സെ. പയസ് X | ആട്ടോക്കാരൻ ചാക്കപ്പൻ ആന്റണി |
| | 58 | 4.30 | സെ. ജെസ്റ്റിൻ | |
| | 59 | 4.30 | ലൂർദ്ദ് മാതാ | എളംബ്ലാശ്ശേരി സെബാസ്റ്റ്യൻ ജോസ് |
| | 60 | 4.00 | സെ. ക്രിസ്റ്റഫർ | വടക്കുംതല ദേവസ്സി ടോമി |
| | 61 | 5.00 | വി. മദർ തെരേസ | മേനാച്ചേരി പൗലോസ് സോജ |
| | 62 | 4.00 | സെ. ഡാമിയൻ | പുതുശ്ശേരി കാട്ടാളൻ ജോബി ജോർജ്ജ് |
| | 63 | 4.30 | സെ. മിഖായേൽ | ജോഷി മാവേലി |
| | 64 | 5.30 | സെ. വാലന്റൈൻ | പുല്ലൻ ഫ്രാൻസിസ് ഷിബു |




**Chungath**
Jewellery
**WHOLESALE & RETAIL**

**MAIN ROAD, CHALAKUDY**
**Ph: 94476 44175**

OPEN ON SUNDAYS
**Shop Online** @www.mychungath.com

PALACE ROAD-THRISSUR, M.G. ROAD - THRISSUR, IRINJALAKUDA, PERUMBAVOOR




NIRMALA 0480 2701259